For Private Circulation Only

August 2026

ആഗമനാമൃതം

HOLY BIBLE

Vol.73

" നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ .....നിങ്ങളെ രക്ഷയ്ക്കു വിളിച്ചത് " (2തിമൊ. 2:14)

No.8

പ്രാർത്ഥനയും ഉപവാസവും ശക്തമായ വിശ്വാസത്തിന്റെ താക്കോലുകൾ

By Andrew Murray

" പിന്നെ സ്വകാര്യമായി ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്ന് ഞങ്ങൾക്ക് അതിനെ പുറത്താക്കി കൂടാത്തത് എന്ത് എന്ന് ചോദിച്ചു. അവൻ അവരോട് നിങ്ങളുടെ അല്പ വിശ്വാസം നിമിത്തമത്രേ; നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട് അങ്ങോട്ട് നീങ്ങുക എന്നു പറഞ്ഞാൽ അത് നീങ്ങും; നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയുമില്ല. എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു" (മത്താ. 17:19-21).

വിശ്വാസം പ്രാർത്ഥന ആവശ്യപ്പെടുന്നു.

വിശ്വാസത്തിന്റെ പൂർണ്ണമായ വളർച്ചയ്ക്ക് പ്രാർത്ഥനാജീവിതം ആവശ്യമാണ്. ആത്മീക ജീവിതത്തിന്റെ എല്ലാ വ്യത്യസ്ത ഭാഗങ്ങളിലും അവീടെ ഇതുപോലുള്ള സംഗമം, ഇതുപോലുള്ള പ്രവർത്തനം പ്രതിപ്രവർത്തനം, രണ്ടും ഇതുപോലെ കാരണവും ശക്തിയുമാണ്. ഇങ്ങനെ ഇത് വിശ്വാസത്തോടുകൂടെയാണ്. വിശ്വാസമില്ലാതെ സത്യമായി പ്രാർത്ഥിപ്പാൻ കഴിയുന്നതല്ല. ഉന്നത നിലവാരത്തിലുള്ള വിശ്വാസം കൂടാതെ വളരെ പ്രാർത്ഥിപ്പാൻ കഴിയുകയില്ല. ഇതാണ് യേശു ഇവിടെ പഠിപ്പിക്കുന്ന പാഠം.

വിശ്വാസം അധികമായി വളരുവാൻ ഒന്നിന്റെയും ആവശ്യമില്ല. " സഹോദരന്മാരെ നിങ്ങളുടെ വിശ്വാസം ഏറ്റവും വർദ്ധിച്ചും ആളാം പ്രതി നിങ്ങൾക്ക് എല്ലാവർക്കും അന്യോന്യ സ്നേഹം പെരുകിയും വരികയാൽ ഞങ്ങൾ യോഗ്യമാകും വണ്ണം ദൈവത്തിന് എപ്പോഴും നിങ്ങളെക്കുറിച്ചു സ്തോത്രം ചെയ്വാൻ കടമ്പെട്ടിരിക്കുന്നു " (2തെസ്സ, 1:3). യേശു സംസാരിക്കുമ്പോൾ, " നിന്റെ വിശ്വാസം പോലെ നിനക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞു" (മത്താ.9:29). തന്റെ രാജ്യത്തിന്റെ പ്രമാണം വിളബരം ചെയ്തപ്പോൾ, അത് നമ്മോട് പറയുന്നത് എല്ലാവർക്കും തുല്യ വിശ്വാസമല്ല ഉണ്ടായിരുന്നത്, ഒരു വ്യക്തിക്കു തന്നെ എല്ലായ്പ്പോഴും ഒരേ അളവിലല്ല, വിശ്വാസത്തിന്റെ അളവ് തീരുമാനിക്കുന്നത്. അതിന്റെ ശക്തിയിലും അതു നൽകുന്ന അനുഗ്രഹത്തിലുമാണ്. വിശ്വാസം എവിടെ എങ്ങനെ വളരുന്നു എന്ന് അറിയണമെങ്കിൽ, തന്റെ സിംഹാസനത്തിനരികത്തേക്ക് ചെല്ലേണ്ടതാണ്. അത് പ്രാർത്ഥനയിൽ, എന്നിലുള്ള വിശ്വാസത്തെ ഞാൻ പ്രാവർത്തികമാക്കുമ്പോൾ ജീവിക്കുന്ന ദൈവവുമായി കൂട്ടായ്മ ആചരിക്കുമ്പോൾ ആ വിശ്വാസം വർദ്ധിക്കും. ദൈവീകമായതിനെ പോഷിപ്പിക്കുമ്പോൾ, വിശ്വാസം ജീവിക്കും, വർദ്ധിക്കും.

ദൈവത്തിന് ആരാധന അർപ്പിക്കുമ്പോൾ, കർത്താവിനായി കാത്തിരിക്കുമ്പോൾ, ആത്മാവിന്റെ ആഴമായ ശാന്തതയിൽ, ആത്മാവിനെ ദൈവത്തിന് സമർപ്പിക്കുമ്പോൾ, ദൈവത്തെ അറിവാനും, ആശ്രയിപ്പാനുമുള്ള കഴിവിനനുസരിച്ച് വിശ്വാസം വർദ്ധിക്കും. അനുഗ്രഹിക്കപ്പെട്ട പുസ്തകത്തിൽ നിന്നും തിരുവചനത്തെ നാം എടുക്കുമ്പോൾ, അവിടുത്തെ സന്നിധിയിലേക്ക് കൊണ്ടുവരുമ്പോൾ, തന്റെ ജീവനുള്ള സ്നേഹമുള്ള ശബ്ദത്തിനായി നാം പ്രാർത്ഥിക്കുമ്പോൾ, നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ സ്വന്തം വചനമാണ് എന്ന് വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഇത് പ്രാർത്ഥനയിൽ, ദൈവത്തോടുള്ള ബന്ധത്തിൽ ജീവനുള്ള വിശ്വാസത്തിൽ ആ വിശ്വാസം, ദൈവത്തിൽ ആശ്രയിപ്പാനുള്ള ശക്തിതരുന്നു. ആ ആശ്രയം, അവിടുന്ന് പറയുന്നതെല്ലാം അംഗീകരിച്ചു. നമ്മുടെ വിശ്വാസത്തിനു വേണ്ടി അവിടുന്ന് തരുന്ന ഓരോന്നും ഏറ്റെടുത്ത്, നാം നമ്മിൽ തന്നെ ശക്തന്മാരായിതീരും. വളരെ പ്രാർത്ഥിക്കുന്നതിന്റെ അർത്ഥം എന്ത് എന്ന് അനേക വിശ്വാസികൾക്ക് മനസിലാക്കാൻ കഴിഞ്ഞിട്ടില്ല. വളരെ പ്രാർത്ഥിക്കുന്നതിന്റെ ചിന്താഗതിയും മനസിലായിട്ടില്ല. എന്താണ് ഗുരു പറയുന്നത്, തന്റെ ജനത്തിന്റെ പരിചയം ഉറപ്പാണ്, ശക്തമായ വിശ്വാസം ഉള്ള മനുഷ്യർ വളരെ പ്രാർത്ഥിക്കും.

ഇത് നമ്മെ വീണ്ടും കർത്താവു നൽകിയ പാഠത്തിലേക്ക് കൊണ്ടു പോകുന്നു, പറയുന്നതിനു മുമ്പ് വിശ്വസിക്കുക, നാം ചോദിക്കുന്നത് നേടും, ആദ്യം പറഞ്ഞതു തന്നെ, " ദൈവത്തിൽ വിശ്വാസമുള്ളവരായിരിപ്പിൻ" (മർക്കൊ. 11:22). ഇത് ദൈവം, ജീവിക്കുന്ന ദൈവം, അവിടുത്തേക്ക് നമ്മുടെ വിശ്വാസം ആഴമായും വിശാലമായും പരിശോധിക്കപ്പെടേണം. അപ്പോൾ അത് ശക്തമായിത്തീരും, അപ്പോൾ മലകളെ നീക്കുവാനും ഭൂതങ്ങളെ പുറത്താക്കുവാനും പ്രാപ്തരായിത്തീരും. " നിങ്ങൾക്ക് വിശ്വാസം ഉണ്ടെങ്കിൽ നിങ്ങൾക്ക് ഒരു കാര്യവും അസാദ്ധ്യമാകയില്ല".

അതെ! കർത്താവ് ഭൂമിയിൽ നമുക്കു വേണ്ടി ചെയ്ത വേലക്കു വേണ്ടി നമ്മെ ഏല്പിച്ചുകൊടുക്കുന്നു എങ്കിൽ, അങ്ങനെ നാം കുന്നുകളെ സമീപിച്ചാൽ, ഭൂതങ്ങളെ സമീപിച്ചാൽ അവ നമുക്കു കീഴടങ്ങും, നമുക്കു വിശ്വാസം ഉണ്ടെങ്കിൽ അവ നമുക്ക് കീഴടങ്ങും, പ്രാർത്ഥനയുണ്ടെങ്കിൽ, വിശ്വാസം അതിന്റെ ഫലം കാണും.

യേശുക്രിസ്തു നമ്മുടെ ജീവനാണ്, വിശ്വാസത്തിന്റെ ജീവനും. നമ്മിലുള്ള ക്രിസ്തുവിന്റെ ജീവൻ നമ്മെ ശക്തരാക്കുന്നു, വിശ്വസിക്കുവാൻ നമ്മെ പ്രാപ്തരാ

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥനയും ഉപവാസവും വിശ്വാസത്തിന്റെ താക്കോലുകൾ

ക്കുന്നു. പ്രാർത്ഥനയ്ക്ക് നാം സജ്ജരായിത്തീരുമ്പോൾ നമ്മിലുള്ള ഞാൻ മരിക്കുന്നു, യേശുവുമായി നല്ല ബന്ധത്തിലാകുന്നു, വിശ്വാസത്തിന്റെ ആത്മാവ് ശക്തിയോടെ നമ്മിലേക്ക് വരുന്നു. വിശ്വാസം അതിന്റെ പൂർണ്ണ വളർച്ചയ്ക്കായി പ്രാർത്ഥനയെ ആവശ്യപ്പെടുന്നു.

പ്രാർത്ഥന ഉപവാസത്തെ ആവശ്യപ്പെടുന്നു

പ്രാർത്ഥനയുടെ പൂർണ്ണ വളർച്ചക്കായി ഉപവാസത്തെ ആവശ്യപ്പെടുന്നു. ഇത് രണ്ടാമത്തെ പാഠം. പ്രാർത്ഥന എന്ന അദൃശ്യമായതിനെ ഏറ്റെടുക്കുവാൻ നമ്മെ സഹായിക്കുന്നു. ഉപവാസം മറ്റൊന്നാണ്. കാണുന്ന കാര്യങ്ങളെ എറിഞ്ഞു കളയുന്നു. മനുഷ്യൻ തന്റെ ആഹാരത്തിനുവേണ്ടി ലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിൽ അവൻ സന്തോഷം കണ്ടെത്തുന്നു. ഒരു പഴം തിന്മാൻ നല്ലത്. അതിൽ അവൻ പരീക്ഷിക്കപ്പെട്ട് പറുദീസ അവനു നഷ്ടമായി. കല്ലു അപ്പമായി ഉപയോഗിക്കാൻ യേശു പരീക്ഷിക്കപ്പെടുന്നു, യേശുവിനു വിശന്നു; ഉപവാസത്തിൽ താൻ പരീക്ഷിക്കപ്പെട്ടു. പരിശുദ്ധാത്മാവിന്റെ മന്ദിരം ആകുന്ന ശരീരം വീണ്ടെടുക്കപ്പെട്ടു. പരിശുദ്ധാത്മാവിന്റെ മന്ദിരം ആകുന്ന തന്റെ ശരീരം വീണ്ടെടുക്കപ്പെട്ടു. ഇത് ശരീരത്തിലും ആത്മാവിലും ആവശ്യമാണ്. പ്രത്യേകമായി, വചനം പറയുന്നു, തിന്നുന്നതിലും കുടിക്കുന്നതിലും നാം ദൈവത്തെ മഹത്വപ്പെടുത്തേണ്ടതാണ്. ഇത് ദൈവത്തെ ഭയപ്പെടുന്നു, അനേക ക്രിസ്ത്യാനികൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു, ആത്മീയ യാഥാർത്ഥ്യം അല്ല. ആദ്യത്തേതിൽ യേശു പറയുന്നു ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതിലും ഉറപ്പിക്കുന്നതിനും വേണ്ടിയുള്ളതാണ്, സ്വയവർജ്ജനത്തിനായും.

എന്നാൽ അതിന് അക്ഷരീകമായ അർത്ഥമുണ്ട്. നമ്മുടെ ജീവിതത്തിൽ പെട്ടെന്നുള്ള ആഗ്രഹങ്ങൾ ഉണ്ടാകും, അത് നമ്മുടെ ശരീരത്തെ ശക്തമായി സ്വാധീനിക്കും, അതിന്റെ ആഗ്രഹങ്ങളോടെ, അവ നിയമപരമായുമായിരിക്കാം, അന്ധകാരശക്തികളുമായുള്ള പോരാട്ടത്തിൽ എതിർത്തേക്കാം, അതിനെ തൽക്കാലം സൂക്ഷിക്കാം. വിവിധ വികാരവിചാരങ്ങളാൽ സൃഷ്ടിക്കപ്പെട്ടവരാണ്. നമ്മുടെ മനസ്സും കോൺ ക്രീറ്റു പോലെ ഉറച്ചതാണ്. ഉപവാസം അതിനെ പ്രകടിപ്പിക്കുവാൻ സഹായിക്കുന്നു. ആഴമായി, മനസിൽ ഉറപ്പിക്കുന്ന കാര്യങ്ങളെ ത്യാഗം ചെയ്യുവാൻ നമ്മെ സഹായിക്കുന്നു, നമ്മെത്തന്നെ ത്യജിച്ചു ദൈവരാജ്യത്തിന് യോഗ്യമായി സമർപ്പി

(ശേഷം 3-ാംപേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

" ആരെങ്കിലും ഹൃദയത്തിൽ സംശയിക്കാതെ പറയുന്നത് സംഭവിക്കും എന്നു വിശ്വസിച്ചുകൊണ്ട് ഈ മലയോട് നീങ്ങി കടലിൽ ചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു" എന്നരുളി ചെയ്തവനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് സ്നേഹ വന്ദനം.

" നമ്മുടെ കർത്താവായ യേശുക്രിസ്തു താനും നമ്മെ സ്നേഹിച്ചു നിത്യാശ്വാസവും നല്ല പ്രത്യാശയും കൃപയാലെ നൽകിയിരിക്കുന്ന നമ്മുടെ പിതാവായ ദൈവവും നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ച് എല്ലാ നല്ല പ്രവൃത്തിയിലും വാക്കിലും സ്ഥിരപ്പെടുത്തുമാറാകട്ടെ" (2തെസ്സ. 2:16,17)

2026 ജൂലൈ മാസം നമ്മെ വിട്ട് കടന്നു പോയി. ആഗസ്റ്റ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

കഷ്ടതകളും ശോധനകളും പലപ്പോഴും നമ്മുടെ വിശ്വാസത്തിന്റെയും ക്രിസ്തുവുമായുള്ള ബന്ധത്തിന്റെ ശക്തിയെ പരീക്ഷിക്കുന്നതാണ്. ചില സമയങ്ങളിൽ നീതി പൂർവ്വം ജീവിക്കുവാൻ ശ്രമിക്കുന്ന ഞാൻ എന്തിനാണ് ഇത്രയധികം കഷ്ടതകൾ നേരിടുന്നത്. എന്തുകൊണ്ട് എന്റെ ജീവിതത്തിൽ കുറവുകൾ നിലനിൽക്കുന്നു. എന്ന് നാം ചിന്തിച്ചേക്കാം. ഇത്തരം ചോദ്യങ്ങൾ നമ്മുടെ ഹൃദയങ്ങളെ ഭരപ്പെടുത്തുകയും ദൈവസ്നേഹത്തിൽ നിന്നും അകന്നു പോകുവാൻ പ്രേരിപ്പിക്കുകയും ചെയ്യും.

ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാര്? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു.

നമ്മെ ആക്രമിക്കുവാൻ സാത്താൻ വിവിധ തന്ത്രങ്ങൾ ഉപയോഗിക്കുന്നു. പാപം ചെയ്യുവാൻ അവൻ നമ്മെ പ്രലോഭിപ്പിക്കുന്നു. നമ്മുടെ ദൃഢനിശ്ചയത്തെ ദുർബ്ബലപ്പെടുത്തുന്നു. നമ്മുടെ ജീവിതത്തിലെ യേശുവിന്റെ സ്നേഹത്തെ തള്ളിപ്പറയുവാൻ പ്രേരിപ്പിക്കുന്നു. എന്നാൽ നമുക്ക് സമൃദ്ധിയായ ജീവൻ നൽകുവാൻ യേശു വന്നു. സമൃദ്ധിയായ ജീവൻ യേശു നമ്മിൽ പകർന്ന് അതിനെ അതിജീവിക്കുവാൻ കർത്താവ് നമ്മെ ശക്തിപ്പെടുത്തും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

ആഗമനദൂതൻ മാസിക വായിച്ച് ദൈവം നിങ്ങളെ അനുഗ്രഹിച്ചുവെങ്കിൽ ഞങ്ങൾക്ക് എഴുതണം. അതുപോലെ ഞങ്ങൾക്കെഴുതുക. മറുപടി എഴുതാം. പ്രാർത്ഥിക്കാം. നിങ്ങളുടെ കത്ത് പ്രതീക്ഷിച്ചുകൊണ്ട്

ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥനയും ഉപവാസവും വിശ്വാസത്തിന്റെ താക്കോലുകൾ

ക്കുവാൻ നമ്മെ സഹായിക്കുന്നു. അവിടുന്ന് പുത്രന്റെ ഉപവാസവും ത്യാഗവും അംഗീകരിച്ചു, കൂടാതെ അത് മഹത്വവും, അംഗീകാരവും പ്രതിഫലവും ആത്മശക്തിയും പകരുന്നു എന്നും അനേകർ സകലവും ത്യജിച്ചു ക്രിസ്തുവിനും അവിടുത്തെ രാജ്യത്തിനും വേണ്ടിയും ഒരുങ്ങി നിൽക്കുവാൻ പ്രാപ്തരായിത്തീരുകയും ചെയ്യുന്നു.

ഇവിടെ വിശാലമായ ഒരു മാതൃക കാണാൻ കഴിയും. പ്രാർത്ഥനയെന്നത് ദൈവത്തെയും മറഞ്ഞിരിക്കുന്നവരെയും കണ്ടെത്തുന്ന ഒരനുഭവമാണ്. ഉപവാസം, കാണാൻ കഴിയുന്നതും താല്ക്കാലികമായതിന്റെ അടുക്കലേക്ക് പോക എന്നുള്ളതാണ്. സാധാരണ വിശ്വാസികൾ ചിന്തിക്കുന്നത്, എല്ലാം വിലക്കപ്പെട്ടത് അല്ല എന്നും, പാപമായതും നിയമവുമായവ ഉണ്ട് എന്നും, അവയെ നാം തിരിച്ചറിയണം എന്നും, യുദ്ധക്കളത്തിൽ തനിക്ക് ആവശ്യമായവയെ മാത്രമേ എടുക്കാവൂ എന്നും അറിയുന്നു. സകലഭാരവും ഉപേക്ഷിക്കുക, വിടേണം, ഈ ലോകജീവിതത്തിൽ നമ്മെ വഴി തെറ്റിക്കുന്ന വിഷയങ്ങളെ നാം ഭയപ്പെടേണം, യേശുവിന്റെ ജീവിതം ജീവിതത്തിൽ പകർത്തേണം, കർത്താവിനും അവിടുത്തെ വേലയ്ക്കും യോഗ്യമല്ലാത്തവയെ ഉപേക്ഷിക്കേണം. ജീവിതത്തിൽ വേർപാടില്ലാതെ, വചനപ്രകാരം ജീവിതത്തെ ക്രമീകരിക്കാതെ ഒരുത്തനും പ്രാർത്ഥനയിൽ ശക്തി പ്രാപിക്കയില്ല. ഇപ്രകാരം ചെയ്യുന്നവൻ പുറത്തുപോകയില്ല, ഉപവാസത്തിലും, പ്രാർത്ഥനയിലും ശക്തി പ്രാപിക്കും.

യേശുവിന്റെ ശിഷ്യന്മാർ യേശുവിനോട്, പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ എന്ന് ചോദിച്ചതുപോലെ, ഇപ്പോൾ വരിക, അവിടുത്തെ പാഠങ്ങൾ ഏറ്റെടുക്കുക. അവിടുന്ന് നിങ്ങളോട് പറയും, പ്രാർത്ഥനയാണ് വിശ്വാസത്തിലേക്കുള്ള വഴി, ശക്തമായ വിശ്വാസം, അത് പിശാചിനെ അകറ്റും. അവിടുന്ന് പറയുന്നു, “നിങ്ങൾക്ക് വിശ്വാസം ഉണ്ടെങ്കിൽ അസാദ്ധ്യമായി ഒന്നും ഇല്ല. ഈ അനുഗ്രഹിക്കപ്പെട്ട വാഗ്ദത്തം പ്രാർത്ഥനയ്ക്കായി നിങ്ങളെ ധൈര്യപ്പെടുത്തുമാറാകട്ടെ. ഏതു സമ്മാനം അതിന് വിലയാകും? സകലവും ഉപേക്ഷിച്ച് യേശുവിന്റെ പിന്നാലെ പോകാം, അവിടുന്ന് തുറക്കുന്ന വഴിയേ നമുക്കു പോകാം. എന്തുകൊണ്ട് ആയിക്കൂടാ? അങ്ങനെയെങ്കിൽ, വേഗത്തിൽ പോകരുതോ? ലോകത്തിന്റെ തടസ്സങ്ങളെ പുറകിൽ എറിയാം. അന്തരാത്മാവിൽ നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം, വിശ്വാസ വീരന്മാരായി കാണപ്പെടാം, അവിടുത്തെ രക്ഷണ്യ വേലയിൽ പങ്കാളികളാകാം.

“കർത്താവേ, പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കേണമേ”.

ബലഹീനതകൾ ഞങ്ങളെ ശക്തരാക്കി

By Charles H. Spurgeon

(ലേഖകന്റെ കുറിപ്പ്: ലേഖനത്തിന്റെ ഉള്ളടക്കം ചാൾസ് എച്ച് സ്പർജന്റെ പ്രസംഗത്തിൽ നിന്നും എടുത്തതാണ്. ഏറ്റവും നല്ല ശക്തി നല്കുന്ന ഔഷധം എന്നതാണ് തന്റെ പ്രസംഗം. പ്രസംഗത്തിനാധാരം എബ്രായർ 11-ാം അധ്യായമാണ്. ബലഹീനതയിൽ ശക്തി പ്രാപിച്ചു” (എബ്രാ. 11:34). ആദ്യമായി ദൈവത്തിന്റെ പ്രവർത്തികളെ ഉറ്റു നോക്കുന്നു. എങ്ങനെ ബലഹീനരായിരിക്കുമ്പോൾ ശക്തി പ്രാപിക്കുന്നു. വിശ്വാസത്താൽ അവങ്കലേക്ക് നോക്കി, അവിടുത്തെ ബലത്തേയും ബാക്കി ഭാഗം, എങ്ങനെയാണ് ഇത് സംഭവിച്ചത് വിശ്വാസത്താൽ ബലഹനതയിൽ ശക്തി പ്രാപിച്ച അനുഭവങ്ങളുമാണ് ഇവിടെ കാണാൻ കഴിയുന്നത്).

വിശ്വാസത്തിലൂടെ ബലം

“ബലഹീനതയിൽ ശക്തി പ്രാപിച്ചു” (എബ്രാ. 11:34) ബലഹീനരായവർ ശക്തന്മാരായിത്തീർന്നു, വിശ്വാസവീരന്മാരുടെ പട്ടികയിലായി, അവരിൽ ബലഹീനർ ആരുമുണ്ടായിരുന്നില്ല. തീയുടെ ബലം കെടുത്തി, വാളിന്റെ വായ്ക്കു തെറ്റി, ബലഹീനതയിൽ ശക്തി പ്രാപിച്ചു. ആർക്ക് പറയാൻ കഴിയും, തീയിലിടപ്പെട്ട മൂവരിൽ ആരാണ് വലിയവൻ? നമ്മിൽ ആർക്കും ഒരിക്കലും പറയാൻ കഴിയുകയില്ല, തീയിൽ വീണവരിൽ ആരാണ് വലിയവൻ? നമ്മിൽ ആർക്കും കഴിയുകയില്ല. പൗലൊസ് ഏല്പിച്ചു കൊടുത്തതുപോലെ ആകണം, എന്നാൽ വേണ്ടു

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ബലഹീനതകൾ ഞങ്ങളെ ശക്തരാക്കി

വോളം ദൈവകൃപയുണ്ടെങ്കിൽ നാം ബലഹീനതയിൽ ശക്തി പ്രാപിക്കും. വിശ്വാസവീരന്മാരുടെ നിരയിൽ നിന്നും പിന്മാറിപ്പോകുവാൻ നമുക്കു കഴിയുകയില്ല ദൈവനാമം ശക്തിയോടെ മഹത്വപ്പെടുവാൻ കാരണമായിത്തീരും.

സഹോദരന്മാരേ, കർത്താവായ യേശുക്രിസ്തുവിൽ നാം രണ്ട് കാര്യങ്ങൾക്കായി വിളിക്കപ്പെട്ടവരാണ്, തനിക്കായി വേല ചെയ്യേണ്ടിവരും. തനിക്കായി കഷ്ടം സഹിക്കേണ്ടവരുമാണ്. നാം വിശ്വസ്തരും ദൈവത്തെ സേവിക്കുന്ന വരും എങ്കിൽ, തളർന്നു പോകുവാനും ഇടയായിത്തീരും. ക്ഷീണം നമ്മുടെ നേട്ടമാണ്. " ക്ഷീണം " എവിടെയും കാണാം. നാം കർത്താവിനുവേണ്ടി വേല ചെയ്യുന്നു എങ്കിൽ, നാം വേഗത്തിൽ നിലവിളിക്കുവാനിടയായിത്തീരും, കർത്താവേ, "ആർ ഞങ്ങളെ സഹായിക്കും ", കഷ്ടതക്കായി നാം വിളിക്കപ്പെട്ടിരിക്കുന്നു ക്ഷീണം നമുക്കെല്ലാവർക്കുമുണ്ട്, ഉന്നതന്മാർക്കു പോലുമുണ്ട്. അനേകർക്ക് ക്ഷീണമില്ല ദൈവവേല ചെയ്യുവാൻ സാദ്ധ്യമല്ല, അക്ഷമരായി കഷ്ടതയനുഭവിപ്പാനും കഴികയില്ല. അപൂർവ്വം ചില ആളുകൾ രണ്ട് കൈകൾ കൊണ്ട് അധ്വാനിക്കയും വഹിക്കുകയും ചെയ്യുന്നു. ക്ഷമ എന്നത് ഒരു കൃപയാണ്. അത് അപൂർവ്വമാണ് പ്രയാസമേറിയതാണ്. അത് പ്രാവർത്തികവും അത് മുദ്രയുമാണ്. അത് തെരഞ്ഞെടുക്കപ്പെട്ട ആത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ്. ഇത് തെരഞ്ഞെടുക്കപ്പെട്ട തൈകളിൽ പുതുതായി കാണുന്നു. അത് ഒരു വസ്തുതയായി വേഗം നമ്മിലേക്ക് വരുന്നു, അവിടെ നമ്മിൽ പലരും ശക്തന്മാരായിത്തീരുവാൻ ആഗ്രഹിക്കുന്നു.

നമ്മുടെ ജീവിതത്തിൽ കർത്താവിനുവേണ്ടി കഷ്ടപ്പെടുവാൻ യോഗ്യരാക്കേണം എന്നു നാം ആഗ്രഹിക്കുന്നു. അതിന് ഉയരത്തിലെ ശക്തി ആവശ്യം എന്ന് നാം അറിയുന്നു, ആ ബലം വിശ്വാസത്താൽ മാത്രം നമ്മിലേക്കു വരുന്നു. എബ്രായ ലേഖനം 11-ാം അധ്യായത്തിൽ വിശ്വാസവീരന്മാരെക്കുറിച്ച് കഴിവുകൾ കൊണ്ടല്ല. കഷ്ടപ്പെടുവാനോ പ്രവൃത്തി ചെയ്യുവാനോ ഉള്ള പ്രകൃത്യായുള്ള ശക്തി അവർക്കില്ല. അങ്ങനെ ഉണ്ടായിരുന്നു എങ്കിൽ ദൈവത്തിൽ വിശ്വസിക്കുവാനുള്ള ആവശ്യം അവർക്കുണ്ടാകുമായിരുന്നില്ല; എന്നാൽ അവർ നമ്മെപ്പോലെയുള്ള മനുഷ്യരായിരുന്നു, അവർ ദൈവത്തിൽ ആശ്രയിച്ചു, അവർ അങ്ങനെ ചെയ്തു. അവർ നമ്മെക്കാളും ക്ഷീണമുള്ളവരായികാണപ്പെട്ടു. അവർ ദൈവശക്തി ലഭിക്കുവോളം അവർ അതിനായി കാത്തിരുന്നു. സാധ്യമായതായി അവരുടെ പ്രവർത്തിയുടെ പരിധിയിലൊന്നും ഉണ്ടായിരുന്നില്ല. അഥവാ, ഞാൻ പറഞ്ഞു, എന്നാൽ അവർക്ക് ഒന്നും അസാധ്യമായിരുന്നില്ല; അവർ തങ്ങൾക്കായി ഒന്നും ചെയ്തില്ല. ശുശ്രൂഷയ്ക്ക് ആവശ്യമായതൊക്കെയും ദൈവത്തിൽ നിന്നും പ്രാപിച്ചു. കഷ്ടതയുടെ ഏറിയ സമ്മർദ്ദത്തിലും അവർ അതിനെ ഏറെ മഹത്വമായി കരുതി, ദൈവത്തിൽ വിശ്വസിച്ചു, അവിടുന്ന് അവരുടെ സഹായമായിരുന്നു.

നിങ്ങളും ഞാനും ഈ സമയം വളരെ ക്ഷീണമുള്ളവരായി കാണപ്പെട്ടേക്കാം, ഈ ക്ഷീണമുള്ള അവസ്ഥയിലും വളരെ ബലുള്ളതായി കാണപ്പെട്ടു. നമ്മുടെ സ്വന്തം ശക്തി നാം ആഗ്രഹിക്കുന്നില്ല, വിശ്വാസത്താൽ കർത്താവിന്റെ ശക്തിയിൽ ഏതു അറ്റം വരെയും പോകാൻ നമുക്കു കഴിയും. കർത്താവിൽ നമുക്ക് വിശ്വാസം ഉണ്ടെങ്കിൽ നാം ആഗ്രഹിക്കുന്ന ഏതു പ്രവൃത്തിയും നമുക്ക് ചെയ്തെടുക്കുവാൻ കഴിയും.

ബലത്തിനു വേണ്ടി അനുസരിക്കുക

ഒരു ക്രിസ്ത്യാനിയുടെ ഒന്നാമത്തെ ദൗത്യം എന്നത് അനുസരിക്കുകയാണ്. " നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം " (മത്താ. 22:37). ഞങ്ങളുടെ ഇടയിലുള്ള ആരാണ് ഇത് ചെയ്തത്? ഞങ്ങളിൽ ആർക്ക് ഇത് ചെയ്യാൻ കഴിയും, പുറത്തുള്ള ആർക്കെങ്കിലും അല്ലാതെ ഇത് ചെയ്യാൻ കഴിയുമോ? വിശ്വാസത്താലല്ലാതെ ഈ ദൈവശക്തി സാധ്യമല്ല, ആ ബലത്തിൽ ഞങ്ങൾ അനുസരിക്കും. എന്നിരുന്നാലും വിശ്വാസം ആണ് വിശുദ്ധിയുടെ അടിസ്ഥാനം.

അതെ, പ്രിയകൂട്ടുകാരെ! ജീവിത യാത്ര ആരംഭിക്കുന്നു എങ്കിൽ ദൈവകൃപയാൽ, കർത്താവ് വരച്ച വഴിയിലൂടെ നിങ്ങൾ യാത്ര ചെയ്യും, കർത്താവിന്റെ കരങ്ങൾ മാത്രമാണ് നിങ്ങളെ സൂക്ഷിപ്പാൻ ശക്തിയുള്ളത്. ഇരുമനസ്സുള്ളവൻ ആ വഴിയിൽ പോകയില്ല. ജീവിതത്തിന്റെ കാറ്റുകൾ നമുക്കു പ്രതികൂലം ജീവിതം കാത്തു സൂക്ഷിക്കുക എന്നത് പ്രയാസം. വിശ്വാസം കൂടാതെ നാം എന്തു ചെയ്യും? ജീവിത ദൗത്യം നമ്മുടെ മനോഭാവത്തിന് വൈരുദ്ധ്യം ആണ്, വിശ്വാസം കൂടാതെ എന്തു ചെയ്യും? ധന നഷ്ടം ഉണ്ടാകുമ്പോൾ അഥവാ സമാധാനം, ബഹുമാനം നഷ്ടപ്പെടുമ്പോൾ വിശ്വാസം ഇല്ലെങ്കിൽ എന്തു ചെയ്യും? ദൈവം തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നവൻ ആണ്.

ജീവിതത്തിൽ പരിഹാസങ്ങൾ നേരിടുമ്പോൾ നീ ഒരു തമാശവിഷയമായിത്തീരുമ്പോൾ, ഒരു കപടഭക്തിക്കാരനായി കളിയാക്കുമ്പോൾ ഒരു മഠയനാക്കി തള്ളിക്കളയുമ്പോൾ, വിശ്വാസം ഇല്ലാതെ എന്തു ചെയ്യും? ജീവനുള്ള ദൈവത്തിൽ നാം ആശ്രയിക്കുന്നു എങ്കിൽ, നിങ്ങൾ നല്ല കാര്യം ചെയ്യുന്നു. നഷ്ടങ്ങളും ലജ്ജയും നേരിടുമ്പോൾ; എന്നാൽ വിശ്വാസം നിങ്ങളെ പരാജയപ്പെടുത്തുമ്പോൾ നിങ്ങളുടെ പേരിന് സ്വയസ്നേഹം പോലുള്ള യാന്ത്രിക ബഹുമാനം കൊണ്ടു വരുമ്പോൾ, അങ്ങനെയുള്ള പരിഹാസത്തിന്റെ ഭീതി, അങ്ങനെയുള്ള ഏകാന്തതയിലേക്ക് വഴുതി വീഴുമ്പോൾ, നിങ്ങളുടെ ബഹുമാനത്തിൽ നിന്നും വഴുതിപ്പോകുമ്പോൾ യോഗ്യമായ ഒരു വഴി തെരഞ്ഞെടുക്കുക.

എല്ലാറ്റിലും ദൈവത്തെ അനുസരിക്കുക എന്നത് ഒരു സാധാരണ കാര്യമായി തോന്നിയേക്കാം, നേരായ വഴിയിലാണ് യാത്രയെന്ന് തോന്നിയേക്കാം; ദൈവത്തിലുള്ള വിശ്വാസത്തിൽ ജീവിക്കാൻ കഴിക്കുകയാണുത്തമം. അവൻ ഇങ്ങനെ പറയട്ടേ, ദൈവം കല്പിക്കുന്നു, അതു കൊണ്ട് ഞാൻ ചെയ്യും; അവൻ ശക്തനായിരിക്കും. അവന് ഇങ്ങനെ തോന്നും, "ദൈവം കല്പിക്കുന്നു, അതു കൊണ്ട് അവൻ എന്നെ വഹിക്കും " അവൻ ശക്തനായിരിക്കും. അവൻ പറയട്ടേ, " ദൈവം കല്പിക്കുന്നു, അവിടുന്ന് പ്രതിഫലം തരും ", അവൻ ശക്തനായിരിക്കും.

വിശ്വാസം എന്നത് ബലഹീനനാണ്, ബലവാനോട് ഒട്ടിയിരിക്കുന്ന അനുഭവം, അതിലൂടെ ശക്തനായിത്തീരും. ദൈവത്തിലുള്ള വിശ്വാസം, ദൈവാലയ ഗോപുരത്തിൽ ഇരുന്ന മുടന്തനെ, നടന്നും, തുള്ളിയും ദൈവത്തെ

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ബലഹീനതകൾ ഞങ്ങളെ ശക്തരാക്കി

സ്തുതിക്കുന്നതിനും കാരണമാക്കിയതാണ്; പാപം മുടന്തന്മാരാക്കിയ ജീവിതങ്ങളെ ദൈവത്തെ അനുസരിച്ച് വിടുതൽ പ്രാപിപ്പാൻ കാരണമാക്കുന്നു.

കുടുംബബന്ധങ്ങളിൽ ബലത്തിനു വേണ്ടിയുള്ള വിശ്വാസം

ജീവിതത്തിന്റെ ബന്ധങ്ങളെ വിശ്വാസം ബലവത്താക്കി മാറ്റുന്നു. ജീവിതയാത്രയിൽ നാം തനിച്ചല്ല, മരിച്ചാലും ജീവിച്ചാലും, ദൈവം നമ്മെ മറ്റുള്ളവരുമായി ബന്ധിപ്പിക്കുന്നു. നാം നമ്മുടെ ചുറ്റുമുള്ളവർക്ക് ശാപമായോ അനുഗ്രഹമോ ആയിത്തീരുന്നു. ദൈവത്തിൽ നമുക്ക് വിശ്വാസം ഉണ്ടെങ്കിൽ, നാം നമ്മുടെ കുഞ്ഞുങ്ങളെ അനുഗ്രഹിക്കുന്നു, യിസഹാക്കും, യാക്കോബും തന്റെ മക്കളെ അനുഗ്രഹിച്ചതുപോലെ, വിശ്വാസം അവകാശികളെ അനുഗ്രഹിക്കുന്നു. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുഎങ്കിൽ, നിങ്ങൾ ജീവിച്ചിരിക്കുമ്പോൾ നിങ്ങളുടെ സഹോദരങ്ങളെ അനുഗ്രഹിക്കുന്നു. യോസേഫ് തന്റെ സഹോദരങ്ങളെ അനുഗ്രഹിച്ച് ദേശത്ത് പാർപ്പിച്ചു ക്ഷാമത്തിൽ അവരെ രക്ഷിപ്പാനിടയായിത്തീർന്നു. ദൈവത്തെ നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ മറ്റുള്ളവരെ പാപത്തിന്റെ അടിമത്വത്തിൽ നിന്നും രക്ഷിപ്പാൻ കഴിയും, മോശെ യിസ്രായേലിനെ വിടുവിച്ചു നടത്തിയതുപോലെ; വിശ്വാസം നല്ലൊരു സഹായിയാണ്. വിശ്വാസം കൂടാതെ നിങ്ങൾക്ക് നിങ്ങളെയോ മറ്റുള്ളവരെയോ ശരിയായി വിടുവിച്ചു നടത്തുവാൻ സാധ്യമല്ല.

ഒരു ദൈവമില്ലാത്ത ഭർത്താവിനെ ഒരു ഭാര്യക്ക് വിടുവിച്ചു രക്ഷിപ്പാൻ കഴിയുമോ? അദ്ദേഹത്തെക്കുറിച്ച് അവർക്കു ദൈവത്തിൽ വിശ്വാസം ഉണ്ട്. ദൈവത്തിൽ വിശ്വാസം ഇല്ലാതെ ഭർത്താവിനെ രക്ഷിപ്പാൻ ശ്രമിക്കരുത്. സ്വർഗ്ഗത്തിലെ ശക്തിയില്ലാതെ മാനസാന്തരപ്പെടുത്താൻ ശ്രമിച്ചാൽ, ലിവ്യാദാനെ ചൂണ്ടൽ കൊണ്ട് പിടിക്കാൻ ശ്രമിക്കുന്നതുപോലെ ഇരിക്കും.

പ്രിയ പിതാവേ, നിങ്ങൾക്ക് അനുസരണം കെട്ട മക്കളുണ്ടോ? ഉപദേശം കൈക്കൊള്ളാത്ത ചെറുപ്പകാരുണ്ടോ? വിശ്വാസം ഇല്ലാത്ത പെൺമക്കളുണ്ടോ? വിശ്വാസത്തോടും പ്രാർത്ഥനയോടും കൂടെ അടുത്തു ചെല്ലുക. ഒരുവൻ തന്റെ കുടുംബത്തിലുള്ളവരെക്കുറിച്ച്, അതിൽ വഴി പിഴച്ചവരെക്കുറിച്ച്, അവരെ ദൈവത്തിലേക്ക് നയിച്ച്, അവരെ രക്ഷിക്കുവാനാഗ്രഹിക്കുന്നുവോ? ഒരു കുടുംബത്തിൽ ആസക്തിയുള്ള ഒരു പിതാവും നല്ല മനുഷ്യനായ ഒരു പിതാവും. കുഞ്ഞുങ്ങളെ ദൈവത്തിങ്കലേക്ക് നടത്തുക. അവരെ ദൈവത്തിങ്കലേക്കു കൊണ്ടു ചെല്ലുക, പ്രാർത്ഥിക്കുക. ഇവിടെയാണ് നിങ്ങളുടെ ബലം ഇരിക്കുന്നത്. കുടുംബാംഗങ്ങളെ ദൈവത്തിങ്കലേക്ക് നടത്തുക, ദൈവത്തിന്റെ തുറന്ന കരം നിങ്ങൾക്ക് വേണ്ടി പ്രവർത്തിക്കും. കുടുംബാംഗങ്ങൾക്കുവേണ്ടി നാം വിശ്വസിക്കും എങ്കിൽ വാഗ്ദത്തം നമുക്കു വേണ്ടി നിറവേറ്റും, നമ്മുടെ കുടുംബത്തിന് വേണ്ടിയും. ദാവീദിനെപ്പോലെ കുടുംബാംഗങ്ങളെ അനുഗ്രഹിപ്പാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ!

പിതാവേ, മാതാവേ, ഭർത്താവേ, ഭാര്യയേ, സഹോദരാ, സഹോദരീ - ഏതു ബന്ധവുമായിക്കൊള്ളട്ടെ, ഞാൻ നിങ്ങളോട് പറയുന്നു, ജോലിയിൽ നിന്നും പിരിച്ചു വിട്ട ക്ഷീണത്തിലാണോ ദൈവത്തിലുള്ള വിശ്വാസം പ്രാവർത്തികമാക്കുക, തങ്ങളുടെ ബലഹീനതയിൽ നിങ്ങൾ ശക്തിപ്രാപിക്കും.

വിശ്വാസത്തിന്റെ ബലത്തോടെ പ്രാർത്ഥിക്കുക.

അനുഗ്രഹിക്കപ്പെട്ട ഒരു ദൗത്യവും പദവിയും - ഞാൻ രണ്ടിനെയും വിളിക്കുന്നു. ഓരോ ക്രിസ്ത്യാനിയുടെയും ആവശ്യങ്ങളിൽ, അവന്റെ അല്ലെങ്കിൽ അവളുടെ ജീവിതത്തിൽ പ്രാർത്ഥനയാണാവശ്യം. പ്രാർത്ഥിക്കാൻ നിങ്ങൾക്ക് കഴിയുമോ? എങ്ങനെ പ്രാർത്ഥിക്കണം എന്ന് നിങ്ങൾ അറിയുന്നു എങ്കിൽ, നിങ്ങൾക്ക് സ്വർഗ്ഗത്തെയും ഭൂമിയെയും ചലിപ്പിക്കുവാൻ കഴിയും. നിങ്ങൾക്ക് പ്രാർത്ഥിപ്പാൻ കഴിയുമോ? സർവ്വശക്തന്റെ പ്രവൃത്തികൾ കൂടെയിരിക്കും. നിങ്ങൾക്ക് കഷ്ടപ്പെടേണ്ട കാര്യമില്ല, പ്രാർത്ഥനയുടെ കരങ്ങൾ നിത്യമായ കരങ്ങൾ തന്റെ പ്രവൃത്തി അയക്കും. “യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും”. (മത്താ. 7:7). നിങ്ങളുടെ വഴി നിങ്ങൾക്ക് നഷ്ടമാകരുത്. നിങ്ങളുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും. നിങ്ങളുടെ പുറകിൽ നിന്നും ഒരു ശബ്ദം നിങ്ങൾ കേൾക്കും, “വഴി ഇതാകുന്നു, ഇതിലേ നടന്നുകൊൾക” (യെശ. 30:21).

പ്രാർത്ഥനയിൽ നിങ്ങളുടെ ശക്തി കുറഞ്ഞു പോകയാണോ? അതെ, അപ്പോൾ ഒരു വേദഭാഗം നിങ്ങളുടെ മുമ്പിൽ വെക്കാം. ഈ ക്ഷീണത്തിൽ നിങ്ങളുടെ ശക്തി കുറഞ്ഞുതുപോലെ തോന്നുന്നുണ്ടോ? വിശ്വാസത്താൽ നിങ്ങൾ ബലവാന്മാരായിത്തീരുന്നു. ദൈവത്തിൽ വിശ്വസിക്കുക, ദൈവത്തോടുകൂടി നിങ്ങളും ജയിക്കും. ദൈവത്തിന്റെ വാഗ്ദത്തത്തിൽ വിശ്വസിക്കുക, വിളിച്ചപേക്ഷിക്കുക. ആത്മാവിൽ വിശ്വസിക്കുക, അവിടുത്തെ സഹായത്തിനായി പ്രാർത്ഥിക്കുക. യേശുവിൽ വിശ്വസിക്കുക, അവിടുന്ന് നിങ്ങൾക്കായി മദ്ധ്യസ്ഥത ചെയ്യുന്നു, തന്നിലൂടെ നമുക്ക് ധൈര്യമായി കൃപാസനത്തോടടുത്തു ചെല്ലുവാൻ കഴിയും. വിശ്വാസത്താൽ മാത്രം മുഴങ്കാലുകളെ ശക്തിപ്പെടത്തുവാൻ കഴിയും. “നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞു” (മത്താ. 9:29). വിശ്വാസമില്ലാത്ത പ്രാർത്ഥന പ്രയോജനമില്ലാത്തതത്രേ.

എങ്ങനെ പ്രാർത്ഥിക്കേണം എന്ന് അറിയുന്നവൻ, അവന്റെ കരം പ്രപഞ്ചത്തെ ചലിപ്പിക്കും. വിശ്വാസമില്ലാതെ പ്രാർത്ഥനയില്ല. നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, ഇത് പ്രയാസമേറിയതായിരിക്കും. നിങ്ങളോട് വാഗ്ദത്തം ചെയ്യുന്നതിനേക്കാൾ, നിങ്ങൾ വിശ്വസിക്കും എങ്കിൽ, നിങ്ങളുടെ പ്രാർത്ഥനക്കു മറുപടി കിട്ടും. വിശ്വാസമില്ലാത്ത പ്രാർത്ഥന ദൈവം കേൾക്കുന്നില്ല. ഉറപ്പുള്ളവരായിരിക്കുക. “സ്വന്ത പുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്കു നൽകാതിരിക്കുമോ”? (റോമർ 8:32). പ്രാർത്ഥനയിൽ വിശ്വാസമുള്ളവർ ആയിരിക്കുക, വിശ്വാസത്തോടെ പ്രാർത്ഥിക്കുക.

വളരെ പ്രാർത്ഥനയിൽ സമയം ചെലവഴിക്കേണം എന്ന് ചിലർ അറിയുന്നില്ല. പാവം ആത്മാക്കൾ ! കർത്താവു അവരെ നന്നായി പഠിപ്പിക്കുന്നു! എന്റെ പ്രിയ സഹോദരന്മാരേ, അവസാനം വരെ പ്രാർത്ഥിക്കാം, ഇതാണ് ഭൂമിയിലേറ്റവും പ്രയോജനകരമായ പ്രവൃത്തി! ദൈവവുമായി പ്രാർത്ഥന

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ബലഹീനതകൾ ഞങ്ങളെ ശക്തരാക്കി

യിൽ വ്യാപാരം ചെയ്യുന്നവൻ സ്വർണ്ണത്തെക്കാളും വെള്ളിയെക്കാൾ വ്യാപാരത്തിൽ ഏറ്റം മെച്ചമായ ഒരു വ്യാപാരമാണിത്. ഇത് നമ്മെ സമ്പന്നരാക്കുന്നു, “ദൈവവിഷയമായി സമ്പന്നരാക്കുന്നു”. (ലൂക്കൊ. 12:21). ഇതാണ് വലിയധനം; എന്നാൽ ഇത് വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ആയിരിക്കേണം. എന്നാൽ അവർ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം (യാക്കോ. 1:6). നീ ഒരു പാവപ്പെട്ടവനാണോ ഈ വിശുദ്ധമായ അനുഭവത്തിൽ ക്ഷീണമുള്ള ഹൃദയവുമായിട്ടാണോ ആയിരിക്കുന്നത്? ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക, ക്ഷീണ അവസ്ഥയിലും നമ്മെ ബലപ്പെടുത്തുന്ന വിശ്വാസമുള്ളവനായി മാത്രം ഇരിക്ക.

പാപത്തെ ജയിക്കുന്ന ബലത്തിലുള്ള വിശ്വാസം

പാപത്തെ ജയിക്കുന്നവരുടെ പ്രവൃത്തിയിൽ വിശ്വാസം ഒരു വലിയ ശക്തിയാണ്. കഠിനശ്രമം ചെയ്യുന്ന വ്യക്തിയേ, കർത്താവായ യേശുവിലുള്ള വിശ്വാസം കൂടാതെ പാപത്തെ ജയിക്കുവാൻ സാധ്യമല്ല. ദൈവത്തിൽ ആശ്രയിക്കുക! വിലയേറിയ രക്തത്തിൽ ആശ്രയിക്കുക. അത് നമ്മുടെ പാപഹരൻ ആണ്. തുളച്ചകരങ്ങളിൽ ആശ്രയിക്കുക. അതു നിങ്ങളുടെ മോഹത്തിന്റെ കരങ്ങളെ തുളച്ചു ചെല്ലും. തന്റെ വിലാപ്പുറത്തെ മുറിവുകളിൽ ആശ്രയിക്കുക, അത് നിങ്ങളുടെ ദുഷ്ട ആഗ്രഹങ്ങളുടെ ഹൃദയത്തെ അത് തകർക്കും. നിങ്ങളുടെ പ്രത്യാശ നിങ്ങളുടെ ഹൃദയത്തിലല്ലോ ഇരിക്കുന്നത്. യേശു നമുക്കുവേണ്ടി മരിച്ചു. നമുക്കുവേണ്ടി ഉയിർത്തെഴുന്നേറ്റു, സ്വർഗ്ഗോന്നതങ്ങളിലേക്ക് കരേറിപ്പോയി. നിങ്ങൾ പാപത്തെ ജയിക്കേണം. പക്ഷേ, ഒരു വേളാ നിങ്ങളെ കീഴ്പ്പെടുത്തി എന്നു തോന്നിയേക്കാം, എന്നാൽ പാപം, ഒരു ശക്തി എന്ന നിലയിൽ, അതിന്റെ എല്ലാ ശക്തിയെയും, അത് ഒരിക്കലും ജയിക്കാതെവണ്ണം, യേശുവന്റെ രക്തത്താൽ നിങ്ങളെ രക്ഷിക്കും. ദൈവം നിങ്ങളെ ശക്തീകരിക്കും. ബലഹീനതയിൽ വ്യാപരിക്കുന്ന ദൈവശക്തി പകർന്ന് പാപത്തിന്മേൽ വിജയം തരും. ക്രിസ്തുവിൽ ആശ്രയിക്കുക, തന്റെ മരണത്തെ ജയിച്ച ആത്മാവിനാൽ പാപങ്ങളെ ജയിപ്പാൻ ശക്തി തരും. ദൈവത്തിൽ തക്കസമയത്തു ലഭിക്കുന്ന സഹായം, ബലഹീനതയിൽ വിശ്വാസത്താൽ വ്യാപരിക്കുന്ന ദൈവശക്തിയാൽ ശക്തന്മാരായിത്തീരും.

സുവിശേഷം അറിയിക്കുന്നതിനായി വിശ്വാസത്താലുള്ള ബലം

അനേകം വിശ്വാസികളിൽ പ്രധാന കാര്യമായി ഒരു കാര്യമുണ്ട്. സുവിശേഷം അറിയിക്കുക. അതെ, ഒരു കാര്യം പറയുന്നു, ഞാൻ ഒരു അത്യാവശ്യജോലിയിലായിരിക്കുന്നു, മറ്റുള്ളവരോട് യേശുവിനെക്കുറിച്ച് പറയേണം, എന്താണ് കർത്താവ് എനിക്കു വേണ്ടി ചെയ്തത് എന്ന്: എന്നാൽ എങ്ങനെയെങ്കിലും, ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന ദൗത്യം തുടരുന്നതിലൂടെ എന്റെ മനസാക്ഷിയെ ഒഴിച്ചിടുവാൻ എനിക്ക് കഴികയില്ല. അടുത്ത ദിവസം ഒരു നല്ല വാക്കു പറയുവാൻ ഞാൻ ശ്രമിച്ചു ഞാൻ ഭയപ്പെട്ടു അതിൽ പരാജയപ്പെട്ടു. ഞാൻ വിക്കി വിക്കി ഒരു നല്ല പ്രതികരണം നടത്തി, ഞാൻ കുറേശാ പറയാം എന്ന് ചിന്തിച്ചു, ഞാൻ പറഞ്ഞത്, എനിക്ക് ക്ഷീണമായി തോന്നി. ഞാൻ തീരുമാനിച്ചു, മറ്റൊരു ദിവസം ഞാൻ ഒരു മനുഷ്യനെ കണ്ടു, എനിക്ക് അദ്ദേഹത്തെ അറിയാമായിരുന്നു. അദ്ദേഹത്തോട് പറഞ്ഞു, ഞാൻ എന്റെ സ്വഭാവം മാറിയിരുന്നു; എന്നാൽ അദ്ദേഹത്തെ വീട്ടിൽ വച്ചു കണ്ടപ്പോൾ മറ്റൊരു സംസാരിത്തിലേക്ക് നീങ്ങി, അദ്ദേഹം നടത്തിയ വഴിയേ ഞാൻ പോയി. ലക്ഷ്യത്തിൽ എത്താൻ എനിക്ക് കഴിഞ്ഞില്ല.

അനേക ഇതുപോലുള്ള ആളുകളുണ്ട്. അനേക ദൈവമക്കൾ ആദ്യം അന്യാത്മാവിനാൽ ബാധിതരായവരുണ്ട്. അതിനെ പുറത്താക്കുവാൻ കർത്താവിനോട് ആവശ്യപ്പെടുന്നു. സ്വന്ത ശക്തിയിൽ സുവിശേഷം അറിയിപ്പാൻ കഴിയുകയില്ല. നാം വിശ്വാസത്തിൽ ആയിരുന്നു എങ്കിൽ, താഴ്മയോടെ കർത്താവിനായി കാത്തിരുന്നു എങ്കിൽ, ദൈവശക്തിയെ അവകാശമാക്കിയിരുന്നു എങ്കിൽ ദൗത്യം പൂർത്തിയാക്കാമായിരുന്നില്ലേ?

ഒരുവൻ ക്രിസ്തുവിങ്കലേക്ക് നടത്തപ്പെട്ടതായി ഞാൻ കേട്ടിട്ടുണ്ട്. അവൻ ഒരു മഹാപാപിയായിരുന്നു. ആർക്കും സമീപിക്കുവാൻ കഴിയാത്ത ഒരു മനുഷ്യനായിരുന്നു. മതങ്ങളെ താൻ വെറുത്തിരുന്നു. മറ്റുള്ളവരോടുള്ള തന്റെ മറുപടികൾ വളരെ അപരിഷ്കൃതമായിരുന്നു. എന്നാൽ അവന്റെ ഒരു അയൽക്കാരൻ ഒരു ദിവസം അതിരാവിലെ സമയം അവന്റെ അടുക്കൽ ചെല്ലുവാൻ നിർബന്ധിതനായിത്തീർന്നു, എന്നിട്ട് അവനോട് പറഞ്ഞു, ഈ രാവിലെ സമയം വിളിക്കാതെ കയറിവന്നതിൽ ക്ഷമിക്കണം, കഴിഞ്ഞ രാത്രിയിൽ ഉറങ്ങാൻ കിടന്നപ്പോൾ നിങ്ങളെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. നിങ്ങളോട് എന്തെങ്കിലും സംസാരിക്കേണം എന്ന് എനിക്ക് തോന്നി. അദ്ദേഹം മറുപടി പറഞ്ഞു, എന്താണ് നീ എന്നെക്കുറിച്ച് ചിന്തിച്ചത്? എനിക്ക് നിങ്ങളുടെ ഒരു ചിന്തയും ആവശ്യമില്ല. അങ്ങനെയോ മറ്റെ ആൾ മറുപടി പറഞ്ഞു. ക്ഷമിക്കണം, നിങ്ങൾ മരിച്ചാൽ, പ്രത്യാശയില്ലാതെ മരിക്കും, അതുകൊണ്ടാണ് ഞാൻ നിങ്ങളുടെ അടുക്കൽ വന്നത്. ആ പരുക്കനായ മനുഷ്യൻ പറഞ്ഞു, “നിങ്ങളുടെ സ്വന്തകാര്യം നോക്കുക. എന്നാൽ മറ്റെ ആൾ പറഞ്ഞു, ഇത് എന്റെ ജോലിയാണ്. നിങ്ങൾ രക്ഷിക്കപ്പെട്ടവനായി കണ്ടില്ലെങ്കിൽ എന്റെ ഹൃദയം തകരും. അദ്ദേഹം മറുപടി പറഞ്ഞു, നിന്റെ വഴിക്കു പോകൂ. ഭക്തിയുടെ ഈ സംസാരവുമായി ഇവിടെ വരരുത്. ആ സഹോദരൻ കണ്ണീരോടുകൂടെ വീട്ടിൽ പോയി; അങ്ങനെ കണ്ണീരോടെ പോയത് അദ്ദേഹം മാത്രമായിരുന്നില്ല. പരുക്കനായ ആ മനുഷ്യൻ അവിടെ നിന്നുംപോയി, തന്റെ ഭാര്യയോട് ഇപ്രകാരം പറഞ്ഞു, ഞാൻ ഈ മതപരമായ ആളുകളോട് എപ്പോഴും മറുപടി പറയുന്നു. ഞാൻ ഈ പുരോഹിതന്മാരെ തീരെ ഇഷ്ടപ്പെടുന്നില്ല; എന്നാൽ അയൽക്കാരനായ മനുഷ്യൻ പറയുന്നു, ഞാൻ മാനസാന്തരപ്പെട്ടില്ലെങ്കിൽ തന്റെ ഹൃദയം തകർന്നു പോകും എന്ന്; അതു എന്നെ സ്പർശിക്കുന്നു. അവൻ സ്പർശിക്കപ്പെട്ടു. അയൽക്കാരന്റെ ക്ഷീണിച്ച മനസ്, തന്റെ ജീവിതത്തിൽ വ്യത്യസ്ത പ്രതികരണങ്ങൾ ഉളവാക്കി, അദ്ദേഹം സുവിശേഷ പ്രസംഗം കേൾക്കാൻ പോയി, അദ്ദേഹം കർത്താവിങ്കലേക്ക് നടത്തപ്പെട്ടു.

എന്നാൽ, ഒരുവൻ പറയുന്നു, ഞാൻ അറിയുന്നു, എന്റെ അയൽക്കാരനോട് ഞാൻ സംസാരിക്കുന്നില്ല എങ്കിൽ, ഞാൻ തകർന്നുപോകും. സഹോദരാ, ആ വിഷ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

ബലഹീനതകൾ ഞങ്ങളെ ശക്തരാക്കി

യത്തിൽ എനിക്ക് എന്റെ അയൽക്കാരന്റെ ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നു. നിങ്ങൾക്കോ നിങ്ങൾ ഒരു യഥാർത്ഥ വിശ്വസ്തൻ എങ്കിൽ, ഏതു വിധേനെയും ഒരു ഉണർവ്വിനായി വേണ്ടത് ചെയ്യാം. ഒരു ഉണർവ്വിനായി പ്രാർത്ഥിക്കാം, ഇപ്പോൾ തന്നെ ആരംഭിക്കാം. ബലഹീനമായ അവസ്ഥയിൽ തുടങ്ങാം, ശക്തമായി മുന്നോട്ടു പോകാം. ദൈവം നിങ്ങളുടെ ബലം ആഗ്രഹിക്കുന്നില്ല. വേണ്ടതിലും അധികം ശക്തി തന്റെ പക്കൽ ഉണ്ട്. നിങ്ങളുടെ ബലഹീനതയെ അവിടുന്ന് ചോദിക്കുന്നു. അവിടുന്ന് കാത്തിരിക്കുന്നു, അതുകൊണ്ട്, നിങ്ങളുടെ ബലഹീനതയെ എടുക്കുവാൻ, തന്റെ ശക്തമായ കരങ്ങളിൽ എടുത്ത് ശക്തമായ ഉപകരണമായി ഉപയോഗിക്കുവാൻ അവിടുന്ന് ക്ഷണിക്കുന്നു. നിങ്ങളുടെ ബലഹീനതകളെ ദൈവത്തിന് സമർപ്പിക്കുക, അവിടുത്തെ ശക്തി സ്വീകരിക്കുവാൻ.

വിശ്വാസത്തിന്റെ ബലത്തിൽ ദൈവത്തിന് വേണ്ടി വങ്കാര്യങ്ങൾ ചെയ്യാം

പ്രിയ സ്നേഹിതാ, ദൈവത്തിന് വേണ്ടി വങ്കാര്യങ്ങൾ ചെയ്യുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? ആദിമ മിഷ്യനറിമാരുടെ സാക്ഷ്യങ്ങളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ, ദൈവത്തിനുവേണ്ടി വങ്കാര്യങ്ങൾ ചെയ്യുവാൻ തയ്യാറാണോ? ആ ചിന്ത നിങ്ങളുടെ ഹൃദയങ്ങളിൽ കത്തിക്കൊണ്ടിരിക്കുന്നുവോ? ദൈവത്തിന് പ്രയോജനമുള്ള എന്തെങ്കിലും ചെയ്യുവാൻ കാത്തിരിക്കുന്നുവോ? അതെ, എന്ന് ഒരുവൻ പറഞ്ഞു, “ഞാൻ ദൈവത്തിനായി ചിലത് ചെയ്യുവാൻ ശ്രമിക്കും, എന്നാൽ ഞാൻ ഭയങ്കരമായി ക്ഷീണാവസ്ഥയിലാണ്”. വിശ്വാസം സാത്താൻ ചിലത് ചെയ്യാൻ ഞാൻ ശ്രമിക്കുമ്പോൾ; ഇങ്ങനെ നാം വായിക്കുന്നു, ബലഹീനതയിൽ ഞാൻ ശക്തനായിത്തീരുന്നു. നിങ്ങൾ കഴിവില്ലാത്തവൻ എന്ന് തോന്നുമ്പോൾ, ദൈവത്തിന്റെ നിത്യമായ കഴിവിൽ നമ്മെത്തന്നെ ഏറിഞ്ഞു കൊടുക്കുക. അതുകൊണ്ട് ദൈവത്താൽ ഉപയോഗിക്കപ്പെടുമ്പോൾ, ദൈവം നിങ്ങളുടെ ഹൃദയത്തിൽ ഒരു ഉൽക്കണ്ഠ തന്നിരിക്കുന്നു. ആത്മാക്കളെക്കുറിച്ചുള്ള ഭാരം, നിങ്ങൾ ഭയപ്പെടേണ്ട ആവശ്യമില്ല; നിങ്ങളുടെ ബലഹീനതയിൽ വിശ്വാസത്തോടെ വേല ചെയ്യാം, കർത്താവു ബലം നൽകും. കർത്താവ് ഇങ്ങനെ പറഞ്ഞിരിക്കുന്നു. “എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു” 2കൊരി. 12:9 ഈ വചനം സത്യമല്ലേ?

കഷ്ടതയിൽ ബലം നൽകുന്ന വിശ്വാസം

കഷ്ടത സഹിക്കുവാൻ മനുഷ്യന് ബലം നൽകുന്നു. ക്രിസ്തീയ ജീവിതത്തിൽ പ്രധാനപ്പെട്ട ഒന്നാണ് കഷ്ടത. കഷ്ടതയിൽ ക്ഷമ വളരെ അത്യാവശ്യമാണ്. വിശ്വാസം ഇതിന്റെയെല്ലാം അടിസ്ഥാനമാണ്. അനുദിന ജീവിതത്തിൽ കഷ്ടപ്പെടുവാൻ അനേകർ വിളിക്കപ്പെട്ടിരിക്കുന്നു. കുറച്ചുപേർ, ഏതെങ്കിലും, സങ്കടമില്ലാതെ, തങ്ങളുടെ ജീവിതത്തിൽ ഇരട്ടി പ്രതിഫലത്തിന് കാരണക്കാരാകുന്നു. നിങ്ങളുടെ ജീവിതം നിലനിൽപ്പിനായി നീട്ടിക്കൊണ്ടുപോകുന്നു. ഉറപ്പായിട്ടും, വിശ്വാസം കൂടാതെ ജീവിതം സാധ്യമല്ല. നിങ്ങൾ സഹിക്കേണം. അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചുനില്ക്കയാൽ (എബ്രാ. 11:27). നിങ്ങൾക്ക് ദൈവത്തിൽ സന്തോഷമുണ്ട്. ദൈവത്തിൽ അല്ലാതെ സന്തോഷം ഇല്ല. ലോകസന്തോഷം നിങ്ങൾക്കുള്ളതല്ല; എന്നാൽ ആത്മീകവും നിത്യവും ആയ സന്തോഷം നാം പ്രാപിച്ചിരിക്കുന്നു എങ്കിൽ നിങ്ങൾക്ക് ഭയപ്പെടേണ്ടതില്ല. ഈ ജീവിതത്തിൽ നിങ്ങൾ പ്രത്യാശയുള്ളവരായിരിക്കുന്നു എങ്കിൽ, മറ്റുള്ളവർ നിരാശയിൽ കാണപ്പെടുന്നു; എന്നാൽ പ്രത്യാശയുള്ളവർ ആയിരിക്കുക, ആളുകളുടെയിടയിൽ ആ വലിയ സന്തോഷം നിങ്ങൾക്കുണ്ടായിരിക്കും. വിജനമായ പ്രദേശം നിങ്ങൾക്കു വേണ്ടി സന്തോഷക്കും, മരുഭൂമി പ്രദേശം സന്തോഷിച്ചു പനിനീർ പുഷ്പം പോലെ പൂക്കും. ശരിയായ വിശ്വാസം ക്രൂശുവഹിക്കുവാൻ നമ്മെ സഹായിക്കുന്നു. വിശ്വസിക്കുന്നവനു നിത്യ ജീവൻ ഉണ്ട്, സന്തോഷം അവന്റെ മേൽ വരുന്നു. ദൈവത്തിൽ ആശ്രയിക്കുക, അവിടുത്തെ സ്നേഹം നിങ്ങൾക്കു തരുന്നു, തന്റെ സംരക്ഷണം നിങ്ങൾക്ക് തരുന്നു, നിങ്ങൾ പനിനീർ പുഷ്പം പോലെ പൂക്കുന്നു. അത് അദ്ധ്വാനിക്കുന്നില്ല, അത് ശേഖരിച്ചുവക്കുന്നില്ല, ദൈവം അവയെ പോഷിപ്പിക്കുന്നു. ഇതാ നിങ്ങൾ, വിശ്വാസത്താൽ, ദൈവം നിങ്ങൾക്കായി കരുതുന്നു. പട്ടിണി നഗ്നത, ലജ്ജ തുടങ്ങിയവ എല്ലാം വരുന്നു. ബലഹീനതയിൽ നിങ്ങളുടെ വിശ്വാസം ശക്തമായിത്തീരുന്നു.

ചില വിശുദ്ധന്മാർ ശാരീരിക വേദനകൾ സഹിക്കുന്നതിനായി വിളിക്കപ്പെടുന്നു, ഞാൻ അവരെക്കുറിച്ച് ചിന്തിച്ചു, ജീവിത അനുഭവത്തിലൂടെ, ദൈവശക്തിയിലുള്ള വിശ്വാസം, വേദന സഹിക്കുവാൻ അവരെ പ്രാപ്തരാക്കുന്നു. വലിയവനായ കർത്തവിൽ ആശ്രയിപ്പാനുള്ള സമയമിതാണ്. അവിടുന്ന് നമ്മെ കരം പിടിക്കുന്നു, നാം തനിച്ചായാലും അവിടുത്തെ കരം നമ്മെ നടത്തുന്നു. നമ്മുടെ ശരീരത്തിന്റെ സ്ഥിതി അവിടുന്ന് അറിയുന്നു, അവിടുന്ന് അതിനെ ക്ഷീണമാക്കുവാൻ അനുവദിക്കുന്നു, ഹൃദയം കലങ്ങിപ്പോകുവാൻ അവിടുന്ന് നമ്മെ ഏല്പിക്കുന്നു. ബലഹീനതയിൽ നമ്മെ ബലപ്പെടുത്തി അവിടുന്ന് തന്നെത്തന്നെ മഹത്വീകരിക്കും, അപ്പോൾ അവിടുന്ന് നമ്മുടെ ബലഹീനതകളെ സൗഖ്യമാക്കുന്നു (പുറ. 15:26).

എന്നാൽ വേറെ രൂപത്തിലുള്ള കഷ്ടതകൾ, ശരീരത്തെ ബാധിക്കുന്ന വേദനകളെക്കാളും. ചിലർ ദുഷ്ടതയാൽ കഷ്ടപ്പെടുന്നവരുണ്ട്. “ക്രൂരമായ കളിയാക്കൽ” എന്റെ പരീക്ഷകൾ. നാനാവിധത്തിലുള്ള പരിശോധനകളാൽ ദൈവജനത്തെ പരീക്ഷിക്കാറുണ്ട്. പരിശോധനകൾ തുടരാറുണ്ട്. ചില സമയം അവന്റെ കുടുംബക്കാർ തന്നെ അവന്റെ ശത്രുക്കളായിത്തീരാറുണ്ട്. കഥകളിൽ അഭിനയിക്കുന്നതു പോലെയുള്ള ക്രിസ്തീയ സ്ത്രീകളും കളിയാക്കുന്ന ഭർത്താക്കന്മാരുമുണ്ട്. അനേക ദൈവികയുവജനങ്ങൾ അനേകരുടെ പരിഹാസം സഹിക്കുന്നുണ്ട്. എന്നാൽ അനേക ഭവനങ്ങൾ ദൈവകമക്കളുടെ ഘാതകന്മാരായിത്തീരാറുണ്ട്. കൃപയുള്ളവൻ കഷ്ടപ്പെടുന്നു, കോപത്തെയും ദയയില്ലായ്മയേയും ക്ഷമിക്കുവാനുള്ള കൃപ ദൈവം തന്നെ കൊടുക്കുമാറാകട്ടെ. കൃപയാൽ മാത്രമേ കഷ്ടതളെ ക്ഷമിക്കാൻ കഴിയൂ, അത് മറ്റുള്ളവരുടെ നന്മയ്ക്ക് ഒരു മുതൽകൂട്ടാകട്ടെ. ശരിക്കോ തെറ്റിനോ തന്നെ സമർപ്പിച്ച് രക്ഷപ്പെടാൻ ശ്രമിക്കരുത്, എന്നാൽ ദൈവത്തോട് സഹായത്തിനായി പ്രാർത്ഥിച്ച് നിവരേ നിൽക്കുക.

പ്രിയസഹോദരാ, സഹോദരീ, മറഞ്ഞിരിക്കുന്ന ദു:ഖങ്ങളുമായി ഇരിക്കാതെ ദൈവത്തിൽ വിശ്വാസമുള്ളവരായിരിക്ക! രഹസ്യമായി ആത്മാവിൽ ദൈവത്തോട് കരയുക, നിങ്ങൾ നിങ്ങളുടെ ഭാരം വഹിക്കും, അതെ നിങ്ങൾ ശരിക്കും ശാന്തമായി, നിങ്ങളെ വെറുക്കുന്നവരെ നിങ്ങൾ ജയിക്കും. നിങ്ങളുടെ ബലഹീനത

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

ബലഹീനതകൾ ഞങ്ങളെ ശക്തരാക്കി

യിൽ വിശ്വാസത്താൽ നിങ്ങൾ ശക്തരായിത്തീരും.

ഉപദ്രവത്തിന് തങ്ങളെ ഏല്പിച്ചു കൊടുക്കാത്തവരുടെ ഇടയിൽ നിങ്ങൾ ആയിരിക്കുന്നു, എന്നാൽ അവിശ്വാസത്തിന് എതിരേ നിലനില്ക്കേണം. കഴിഞ്ഞ കാലങ്ങളിലെ വിശ്വാസികൾ വിശ്വസിച്ച സത്യം ഇന്ന് പല സ്ഥലങ്ങളിലും വിശ്വസിക്കുന്നില്ല. ഞാൻ ഏറ്റുപറയുന്നു, ഞാൻ വിശ്വസിക്കുവാൻ മാനുഷിക ബുദ്ധികൾക്ക് വിശ്വസിപ്പാൻ പ്രയാസമാണ്. സ്വന്തകാര്യങ്ങൾ പറയാൻ കഴിയുന്ന തടികൊണ്ടുള്ള വാൾ നിങ്ങൾ എടുത്തേക്കാം. അതിൽ നിങ്ങൾ ജയിക്കയും ചെയ്തേക്കാം. നിങ്ങളെ തന്നെ വിശ്വസിക്കുക. കാരണം ദൈവം പറഞ്ഞിരിക്കുന്നു, പറഞ്ഞതുപോലെ ദൈവം നിങ്ങളെ സഹായിക്കും. നിങ്ങളുടെ മനസ്സിൽ ഇത് ഉറപ്പിക്കുക. ഇത് ദൈവത്തിന്റെ പുസ്തകം ആണ്. ഇത് ദൈവത്തിന്റെ തെറ്റിക്കൂടാത്ത വെളിപ്പാട് ഞാൻ ഇത് വിശ്വസിക്കുന്നു, ഇതിനെതിരെ വരാവുന്ന എല്ലാ വാദങ്ങൾക്കുമെതിരെ. ദൈവം സത്യം ആയിരിക്കട്ടെ. എന്നാൽ ഓരോ മനുഷ്യരും കള്ളം പറയുന്നു. ഇത് തീർച്ചയായും ഒരു പ്രതിരോധ മേഖലയായിത്തീരും. അതിനെ ഉപേക്ഷിക്കുന്നു എങ്കിൽ, നിങ്ങൾക്ക് നിലനില്പ് ഇല്ലാതെ വരും. ആയുധം ധരിക്കുക, ദൈവവചനം എന്ന ആത്മാവിന്റെ വാൾ (എഫെ. 6:17); അല്ല എങ്കിൽ ഒന്നുമില്ല. ഒരു ഉറച്ച, പ്രത്യേകമായ കൊച്ചു കുട്ടിയെപ്പോലുള്ള അത്യുന്നതനെക്കുറിച്ചുള്ള ഒരു വെളിപ്പാട് ഉണ്ടായിരിക്കട്ടെ. നിങ്ങൾ ബലഹീനനാണെങ്കിലും നിങ്ങളെ ശക്തരാക്കിത്തീർക്കുന്ന വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കട്ടെ.

വീണ്ടും, ഞാൻ സംസാരിക്കുന്ന ഒരു വ്യക്തി മാനസിക സമർദ്ദമുള്ള ആളായിരിക്കാം. നമ്മിൽ ചിലരും ഇങ്ങനെയുള്ളവർ കണ്ടേക്കാം. ഞാൻ ചില സമയം ചില നല്ല മനുഷ്യരെ വഞ്ചിക്കുവാനിടയായി. അവർ ഒരിക്കലും സന്തോഷം അനുഭവിച്ചവരല്ല, അവർ ഒരിക്കലും നിരാശരായിരുന്നില്ല. ആ സമയം, ഞാൻ എഴുന്നേറ്റപ്പോൾ കഴുകന്റെ ചിറകു ധരിച്ചപ്പോൾ, ആസന്തോഷമുള്ള ഉൽപ്രാപണദിവസത്തിൽ, ഞാൻ സന്തോഷമുള്ളവനായി , യോഗ്യനായി, അനുഗ്രഹിക്കപ്പെട്ടവനായി കാണുവാനിടയായിത്തീർന്നു. എന്നാൽ നീ ആകാശത്തിനു മീതെ പറന്നാലും വളരെ വേഗം താഴെ വീഴും. ഒരുവനു പറക്കുവാൻ കഴിഞ്ഞാലും താഴെ തളർന്നു വീഴും. ഏലിയാവ് ബാലിന്റെ പ്രവാചകന്മാരെ കൊന്നശേഷം, ഇസെബെലിന്റെ മുമ്പിൽ നിന്ന് ഓടിപ്പോയി മരുഭൂമിയിൽ അലഞ്ഞു നടന്നു. അതുകൊണ്ട് വീഴ്ചയും എഴുന്നേൽപ്പും ജീവിതത്തിൽ നിയമിച്ചിരിക്കുന്നു. നിങ്ങൾ ഒരു സൃഷ്ടി എങ്കിൽ അതിശയിപ്പിക്കുന്ന അനുഭവങ്ങൾ വരും, നിരാശകൾ കടന്നു വരും, ആ സമയം വിശ്വാസത്താൽ അതിനെ അതിജീവിക്കുക.

ഈ കാര്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിക്കുക: "നാം മുകളിലോ താഴെയോ ആയിരിക്കും. കർത്താവായ യേശുക്രിസ്തു അതുപോലെയാണ്. നാം പാട്ടുകാരനോ കേൽവിക്കാരനോ ആയിരിക്കാം, വാഗ്ദത്തം സത്യമാണ്. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണ്. ഞാൻ പർവ്വതത്തിന്റെ മുകളിൽ നിന്നാലും താഴ് വരയിൽ ഒളിച്ചാലും കല്പന അതിവേഗമാണ്, സ്നേഹം എന്നേക്കുമുള്ളത്. ഉറപ്പായിരിക്ക, എല്ലാ ചോദ്യങ്ങൾക്കുമപ്പുറത്ത് നാം വിശ്വസിക്കുന്ന യേശുവുണ്ട്. അവിടുത്തെ വിശ്വസിക്കു, വെളിച്ചമോ സന്തോഷത്തിന്റെ ഒരു തരി വെളിച്ചമോ കാണുകയില്ല. നാം സുരക്ഷിതതരാണ്. കാരണം നാം സങ്കേത നഗരത്തിലാണ്, നാം ആരാകും എന്ന് വെളിപ്പെട്ടിട്ടില്ല, രോഗത്തിലോ അതോ സൗഖ്യത്തിലോ. നിങ്ങൾ ക്രിസ്തുയേശുവിൽ നിവരെ നില്ക്കും എങ്കിൽ നിങ്ങളുടെ ബലഹീനതയിൽ പോലും നിങ്ങൾ ശക്തരായിത്തീരും.

എല്ലവാർക്കുമായിട്ടുള്ള അവിടുത്തെ വേല

By Lois J.Stucky

" ..... കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ " (യോഹ. 20:29). നാം എല്ലാ അളവുകൾക്കും അപ്പുറം അനുഗ്രഹിക്കപ്പെട്ടവരാണ്, ക്രിസ്തു തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു. തിരുവെഴുത്തുകളിൻപ്രാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു (1കൊരി. 15:3,4). നാം മാനസാന്തരപ്പെട്ടു, വിശ്വസിച്ചു (മർക്കൊ. 1:15), ആത്മാവ് നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു, നാം ദൈവമക്കൾ ആകുന്നു. (റോമർ 8:16).

യേശുക്രിസ്തു തന്റെ ക്രൂശീകരണത്തിന് മുമ്പ് പറഞ്ഞ ഒരു ഉപമ: " ഒരു മനുഷ്യൻ വീടു വിട്ടു പരദേശത്തു പോകുമ്പോൾ " (മർക്കൊ. 13:34). നമ്മെ രക്ഷിച്ച ശേഷം, നമ്മെ ബഹുമാനിപ്പാനായി ഒരു ജോലി അവിടുത്തോടുകൂടെ അവിടുത്തേക്കു വേണ്ടി! ഓരോ മനുഷ്യനും അവിടുന്ന് പറഞ്ഞു. ആരെയും ഒഴിവാക്കുന്നില്ല. പ്രപഞ്ചത്തിന്റെ രാജാവ് നമുക്ക് ഓരോരുത്തരും ചെയ്യുവാനുള്ള ജോലി നമുക്കു തരും. " കൊയ്ത്തു വളരെയുണ്ട്. വേലക്കാരോ ചുരുക്കം ", ദയയുള്ള രക്ഷകൻ പറഞ്ഞു. അവിടുന്ന് ജനത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കണ്ടു (മത്താ. 9:7). നമ്മിൽ ചിലർ ദൈവത്തെ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്യപ്പെട്ടവരായി കണ്ടു, നമ്മിൽ ചിലർ ഉത്തരവാദിത്വമില്ലാത്തവരായി കാണപ്പെടുന്നു. അതെ, നാം എല്ലാവരും ഉപയോഗമില്ലാത്ത വേലക്കാർ മുകളിൽ എഴുതിയിരിക്കുന്നു, ഇത് ദൈവിക ജീവിതം, അത് നമ്മെ ശക്തീകരിക്കുന്നു.

ഇത് പരിശുദ്ധാത്മ നിറവിൽ ജീവിതമാണ്, അത് ഫലപ്രദമായ സേവനത്തിനും ശക്തമായ പ്രാർത്ഥനക്കായും നമ്മെ ഒരുക്കുന്നു. ദൈവം അരുളിചെയ്ത വേലയെ ആത്മാവ് ശക്തീകരിച്ച്, സഭക്ക് ആവശ്യമുള്ള ലോകത്തിന്റെ ആവശ്യമുള്ള വേലയായി പൂർത്തീയാക്കുവാൻ ദൈവത്തിന് കഴിയും. ഇത് ആദിമ സഭയിൽ ഉണ്ടായിരുന്നു. അത് അധികമായി വർദ്ധിച്ചുപെരുകി. സഭാ ജനമായി ക്രിസ്തുവിന്റെ ശരീരമായി, ആത്മ നിറവു പ്രാപിച്ച് വേലക്കു വേണ്ടി ശക്തി പ്രാപിച്ചു.

നിങ്ങളുടെ സ്ഥാനം വേലക്കാർക്കുവേണ്ടി പ്രാർത്ഥിക്ക എന്നതോ മറ്റുള്ളവർ സുവിശേഷം അറിയുന്നവൻ തക്കവണ്ണം സാമ്പത്തിക സഹായം ചെയ്യുകയോ ആയിരിക്കാം. ഒരു പക്ഷേ ദൈവത്തിൽ വിശ്വാസം ഉള്ള ഒരു വിശ്വസ്ത വേലക്കാരനായി തെരുവുകൾ കടന്നു, സമുദ്രം കടന്ന് പോകുവാനുള്ള ഒരു വിളിയായിരിക്കാം. അവിശ്വാസിയാകാതെ വിശ്വാസിയായിരുന്നു (യോഹ.20:27). യജമാനന്റെ വേല ചെയ്യാം.

യേശു പറഞ്ഞു, " എന്നെ അയച്ചവന്റെ പ്രവർത്തികൾ ഉള്ളേടത്തോളം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു (യോഹ.9:4). സമയം നഷ്ടമാക്കാതെ അവിടുത്തെ ഹിതം തിരിച്ചറിഞ്ഞ് അതു ചെയ്ക. അത് അവിടുന്ന് തരുന്ന കൃപയ്ക്കൊത്തവണ്ണം വിശ്വസ്തയോടെ ചെയ്യുക, " ഇതാ ഞാൻ വേഗം വരുന്നു, ഓരോരുത്തനു അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് " (വെളി. 22:12).

അദ്ദേഹം അനുഭവമാക്കിയ വിശ്വാസം

By Dr. F. Howard Taylor

(ലേഖകന്റെ കുറിപ്പ്: ഈ ലേഖനത്തിൽ ഡോ.എഫ്.ഹ വ്വാഡ് ടെയിലർ, ഹഡ്സൻ ടെയിലറിന്റെ മകനായിരു ന്നു. അദ്ദേഹം വെളിപ്പെടു ത്തുന്ന ഈ കഥയിൽ തന്റെ പിതാവിന്റെ ഉറപ്പും അതിനെ മറ്റുള്ളവർക്കു പകർന്നു കൊടുക്കുവാൻ കാണിച്ച ഉത്സാഹവുമാണ് ഇതിൽ ചുരുക്കമായി പറയുന്നത്)

എന്റെ പിതാവിന്റെ മാന സാന്തരശേഷം 17-ാം വയ സിൽ ദൈവത്തിന്റെ വേല ക്കായി സമർപ്പിക്കപ്പെട്ടു താൻ തെരഞ്ഞെടുത്തതു ചെയ്യുവാൻ തനിക്ക് ഇഷ്ട പ്പെട്ട സ്ഥലത്തേക്ക് പോയി വിശ്വാസ ജീവതം അങ്ങനെ താൻ ആരംഭിച്ചു. ശാരീരിക മായി ബലഹീനനായ മനു ഷ്യൻ എങ്ങനെ ദൈവ ത്തിന്റെ ഓട്ടക്കളത്തിൽ ഒരു മഹാനായവ്യക്തിയായി ത്തീർന്നു എന്ന് വിവരിക്കു ന്നതാണ് ഈ ലേഖനം.

ഒരു ഓട്ടക്കാരനും തന്റെ വളർച്ചയെക്കുറിച്ച് ചിന്തിക്ക യില്ല. അൻ നല്ല പരിശീലനം ചെയ്യേണം, അതിന്റെ ശിഷ്യ ത്വം സ്വീകരിക്കേണം, തനി ക്ക് ജയിക്കാനിതെല്ലാം ആവ ശ്യമാണ്. ചിന്തിക്കുകയും അതിനെക്കുറിച്ച് സംസാരി ക്കുകയും ചെയ്യേണ്ടത് ഒരു ജയിക്കുന്ന ക്രിസ്ത്യാനി യുടെ ജീവിതത്തിൽ ആവ ശ്യമാണ്. അവൻ വിശ്വാസം പ്രായോഗികമാക്കേണം.

തന്റെ ജീവിതത്തിന്റെ പ്രതികൂലത്തിന്റെ പതിനാറു വർഷങ്ങൾക്കു ശേഷം, ചൈനയിലെ ഇൻലാന്റ് മിഷ നിൽ ചേർന്ന് സുവിശേഷം അറിയിക്കുവാൻ എന്റെ പിതാവിനോട് ദൈവം ആവ ശ്യപ്പെട്ടു, അദ്ദേഹം ഒരുക്കമാ യിരുന്നു. അതിന്റെ ശേഷം മർക്കൊ. 11:22-ന്റെ അർത്ഥം താൻ കണ്ടു പിടിച്ചു, അതി നങ്ങനെയാണ്, “ ദൈവ ത്തിൽ വിശ്വസിപ്പിൻ ”, ഈ കാഴ്ചപ്പാടിൽ താൻ എണ്ണു വാൻ തുടങ്ങി. കണക്കുകൂ ട്ടുവാൻ തുടങ്ങി, അവന്റെ വിശ്വസ്തത. ഇത് ഒരു പുതി യ അത്ഭുതകരമായ വെളിച്ചം തന്റെ ജീവിതത്തിൽ പകർ ന്നു, ആ അർത്ഥത്തിൽ വിശ്വ സിക്കുന്നതിനെക്കുറിച്ച്. ഇത് അല്പമല്ലാത്ത ആത്മവി ശ്വാസം തന്റെ ജീവിതത്തി തൽ കടന്നു വന്നു, വിശ്വാസ മുണ്ടെങ്കിൽ എല്ലാം സാധ്യം. ദൈവത്തിന്റെ വങ്കാര്യങ്ങൾ തന്റെ ആശ്രയബോധം, അവന്റെ വിശ്വസ്തത എ ല്ലാം അതിന്റെ വേഗത കൂട്ടി.

അന്നു മുതൽ താൻ ദൈവത്തിന്റെ വിശ്വസ്ത ക്കായി കാത്തിരുന്നു. അദ്ദേ ഹം ദൈവത്തിന്റെ ബാങ്കി ലേക്ക് വിശ്വാസത്തോടെ നോക്കി, കർത്താവായ യേ ശുവിന്റെ നാമത്തിൽ തനിക്ക് ലഭിക്കുന്നതിനു മുമ്പേ അധി കാരമുള്ള അവകാശം മുഴ ക്കി. വിശ്വസ്തത ദൈവ ത്തിന്റെ വിശ്വസ്തതയിൽ ആശ്രയിപ്പാൻ തുടങ്ങി, ഒ രിക്കലും താൻ ലജ്ജിച്ചു പോയില്ല.

ജോർജ്ജ് ഡങ്കൻ

“ യഹോവയിൽ ആശ്ര യിച്ചു നന്മ ചെയ്ക; ദേശ ത്തു പാർത്തു വിശ്വസ്തത ആചരിക്ക; യഹോവയിൽ തന്നേ രസിച്ചുകൊൾക്; അ വൻ നിന്റെ ഹൃദയത്തിലെ ആഗ്രഹം നിനക്കു തരും ” (സങ്കീ. 37:3,4) .

1867-ൽ ഒരു യുവ മിഷ്യ നറി, അദ്ദേഹത്തിന്റെ പേര് ഡങ്കൻ, അസാധ്യമായതിനെ പിടിച്ച് അവകാശമാക്കു വാൻ ശ്രമിച്ചു മുമ്പോട്ടുവ ന്നു. താൻ പൊക്കമുള്ള മെലി ഞ്ഞ ഒരു സ്കോട്ട്ലന്റ് കാരനായിരുന്നു. അദ്ദേഹം ഒരു വർഷം ചൈനയിൽ ഉണ്ടായിരുന്നു, ആ കാലത്ത് ചൈനയിൽ ഒരു മിഷൻ ഫീൽഡ് തുറക്കുവാനായി താൻ വിളിക്കപ്പെട്ടു, അത് ചൈനയിലുള്ള നഗരങ്ങളി ലൊന്നായിരുന്നു, പിൽക്കാ ലത്ത് അത് ചൈനയുടെ തല സ്ഥാനമായി മാറ്റപ്പെട്ടു. ഭാഷ ശരിയായി വശമില്ലായിരു ന്നു, പരിചയവും വളരം കുറ വായിരുന്നു. അദ്ദേഹം മി ഷൻ ഡയറക്റോട് സംസാ രിച്ചു, തന്റെ അവസ്ഥകൾ പറഞ്ഞു, ദൈവം തന്നെ സഹായിക്കും എന്ന് അദ്ദേ ഹം പറഞ്ഞു.

തുടർച്ചയായ ആലോച നക്കും വ്യക്തമായ പ്രാർത്ഥ നക്കും ശേഷം, താൻ മു ന്നോട്ടു പോകാൻ ധൈര്യപ്പെ ട്ടു. ഒടുവിൽ അദ്ദേഹം ഒരു ജാതീയനായ സേവകനോ ടൊപ്പം, വലിയ പ്രൗഡിയുള്ള പഴയ സിറ്റിയായ തന്റെ പ്രവർത്തന സ്ഥലത്ത് എ ത്തിച്ചേർന്നു. ഒരു വിദേശി വന്നിരിക്കുന്നു എന്ന് കേട്ട് അധികാരികൾ അത്ഭുതപ്പെ ട്ടുപോയി. അദ്ദേഹത്തിന് എങ്ങനെ താമസിക്കുവാ നുള്ള സ്ഥലം കൊടുക്കും എന്ന് അവർക്കറിഞ്ഞുകൂടാ യിരുന്നു. അവർ അദ്ദേ ഹത്തെ ഒരു സിറ്റി ഹാളി ലേക്ക് കൊണ്ടുപോയി, ആചാരമര്യാദകൾ അനുസ രിച്ച് കൊണ്ടുപോയി, ആ സമയത്ത് അവിടെയുള്ള സത്രങ്ങൾക്കൊക്കെയും വിദേശികളെ പാർപ്പിക്കു ന്ന കാര്യത്തിൽ മുന്നറിയിപ്പു കൊടുത്തിരുന്നു, അങ്ങനെ പാർപ്പിച്ചാൽ അവർക്ക് ജ യിൽ ശിക്ഷ കൊടുത്തിരു ന്നു.

ദിവസം കടന്നു പോകു മ്പോൾ, ഡങ്കൺ ഒരു വിരുന്ന് ക്രമീകരിച്ചു. എന്നാൽ ഹോ ട്ടൽ മുറികളെല്ലാം നിറഞ്ഞി രുന്നു. മുറി ഇല്ല. ഒരു ബഡ് പോലും കിട്ടാതെയായി. താൻ പൊക്കം കൂടിയ ആൾ ആയതിനാൽ തനിക്ക് കിടക്ക കിട്ടുവാൻ പ്രയാസവുമായി രുന്നു, എന്നാൽ അദ്ദേഹം തന്നെ ഒരിടം താൻ കണ്ടുപി ടിച്ചു. ഡ്രൈവർ. അതിന്റെ ചാർജ് വഹിക്കുന്ന ഒരു ബുദ്ധ സന്യാസിയുടെ കീ ഴിൽ ആയിരുന്നു, എന്നാൽ അദ്ദേഹം പറഞ്ഞു, താൻ ഈ പട്ടണത്തിന് ഒരു അപരിചി തൻ ആണ്, എങ്കിലും ഒരു വിട്ടു വീഴ്ച ചെയ്തു രാത്രി താമസിക്കുവാൻ ആ ടവ റിൽ വഴി ഒരുക്കാം എന്നു പറഞ്ഞു. ആളുകളിൽ നിന്നു ള്ള ഭീഷണികൾ ഒന്നും തന്നെ ആ സന്യാസിക്ക് ഉണ്ടാകുമായിരുന്നില്ല, അദ്ദേ ഹത്തിന് വളരെ സന്തോഷ മായിരുന്നു മുറി കൊടുക്കു ന്നതിൽ. ഡങ്കന്റെ ബഡ് റൂം രണ്ടാം നിലയിൽ ആയിരു ന്നു. ധാരാളം കാറ്റ് ലഭിച്ചിരു ന്നു. തന്റെ കിടക്കകരികി ലൂടെ എലികൾ ഓടിക്കളിച്ചി രുന്നു. ഈ പുതിയ സുവിശേ ഷകന് അതൊന്നും പ്രസ്ന മായിരുന്നില്ലു. എല്ലാ ദിവസ വും, സുവിശേഷങ്ങളും ട്രാക്ടുകളും കരങ്ങളിലേ ന്തി, തന്റെ ഗുരുവിന്റെ വേല ക്കുവേണ്ടി, ഇറങ്ങി തന്നാൽ ആവോളം കർത്താവിന്റെ വേല താൻ വിശ്വസ്തതോടെ ചെയ്തു, രാത്രിതോറും ആ വായു സഞ്ചാരമുള്ള മുറി യിൽ താൻ ഉറങ്ങി.

രണ്ട് ആഴ്ചകൾക്കു ശേ ഷം, ഒരു ശാന്തമായ പുറകി ലത്തെ തെരുവിൽ, ഒരു ആശാരിപ്പണിക്കാരൻ തന്റെ കടയുടെ പകുതി ഭാഗം വാട കക്കു കൊടുക്കാം എന്നു പറ ഞ്ഞു. ആവശ്യമുള്ള ഫർണി ച്ചറുകൾ അദ്ദേഹം തന്നെ ചെയ്തു കൊടുക്കാം എന്ന് പറഞ്ഞു. ഡങ്കന്റെ ചെറിയ

(ശേഷം 10-ാം പേജിൽ)

(9-ാംപേജിന്റെ തുടർച്ച)

അദ്ദേഹം അനുഭവമാക്കിയ വിശ്വാസം

മുറി, ആറടി മുറ്റത്തോടുകൂടിയതായിരുന്നു. ഇത്, നാക്കിംഗ് തന്റെ ആദ്യത്തെ മിഷ്യനറി ഭവനമായിരുന്നു. അത്യാവശ്യ സാധനങ്ങൾ തന്റെ ചെറിയ മുറിയിൽ സജ്ജീകരിച്ചു. തന്റെ വരുമാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് അത്യാവശ്യകാര്യങ്ങൾ ചെയ്തു. എന്റെ പിതാവും അത്യാവശ്യത്തിനുള്ള സഹായങ്ങൾ നാക്കിംഗ് -ന്റെ വേലക്കു വേണ്ടി ചെയ്തു കൊടുത്തു. പലപ്പോഴും രാത്രിയിൽ താൻ ഉണർന്ന് തന്റെ ദൈവത്തോട് പ്രാർത്ഥിക്കുമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം തന്റെ കയ്യിലുള്ള അവസാന ഡോളറും അദ്ദേഹം ചെലവഴിച്ചു. ആ ദിവസം പ്രഭാതത്തിൽ മിഷ്യനറി വേലയ്ക്കു വേണ്ടി പോകുന്നതിനു മുമ്പ്, പാചകക്കാരൻ നിരാശനായി മിഷ്യനറിയോട് പറഞ്ഞു. "നാം എന്തു ചെയ്യും പണമെല്ലാം തീർന്നല്ലോ "? ശാന്തമായ ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹം മറുപടി പറഞ്ഞു.നാം കർത്താവിൽ ആശ്രയിക്കും, അവിടുന്ന് നന്മ ചെയ്യും; നമ്മൾ ഈ ദേശത്തു വസിക്കും, ദൈവം നമ്മെ പോറ്റും.

അത്താഴം കഴിഞ്ഞ ശേഷം തന്റെ കയ്യിൽ ചിലത് ഉണ്ട് എന്ന് പറഞ്ഞു. " "എന്റെ ശമ്പളത്തിൽ നിന്നും പിടിച്ചുവച്ച അഞ്ചു ഡോളർ എന്റെ കൈവശം ഉണ്ട്, എടുത്ത് ഇത് ഉപയോഗിക്കുക. അദ്ദേഹത്തെ നോക്കികൊണ്ട് ഡങ്കൻ മറുപടി പറഞ്ഞു. ഉടനെ നമ്മുടെ ചെലവിനുള്ള തുക മിസ്റ്റർ ടെയിലർ അയച്ചു തരും എന്ന് വിചാരിക്കുന്നുവോ? അല്ലെങ്കിൽ ഞാൻ കടക്കാരൻ ആയിതീരും, ഞാൻ കടംവാങ്ങുകയില്ല എന്ന് നീ അറിഞ്ഞിരിക്കുന്നുവല്ലോ".

ഇല്ലാ, ആ മനുഷ്യൻ മറുപടി പറഞ്ഞു ഞാൻ ഓരോ ദിവസും നമ്മുടെ ചെറിയ ചാപ്പലിൽ നിങ്ങളെ ശ്രദ്ധിക്കുന്നുണ്ട്. യേശുവിന്റെ ഒരു ശിഷ്യനായിരിക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇത് തന്റെ വേലക്കു വേണ്ടിയുള്ള എന്റെ ആദ്യ സമ്മാനമാണ്. അങ്ങനെ ആ പണം തീരുന്നതുവരെ അവർ ജീവിച്ചു. വീണ്ടും ആ മനുഷ്യൻ വീണ്ടും പറഞ്ഞു, "നാം എന്തു ചെയ്യും", നിങ്ങളുടെ പണവും എന്റേതും തീർന്നിരിക്കുന്നു.

" നാം എന്തു ചെയ്യും"? മിഷ്യനറി പറഞ്ഞു നമ്മുടെ ദൈവത്തിൽ നാം ആശ്രയിക്കും. അവിടുന്ന് നന്മ ചെയ്യും, നമുക്കു ദൈവത്തിൽ ആശ്രയിക്കാം, തീർച്ചയായും നാം പോഷിപ്പിക്കപ്പെടും. പതറാത്ത ഒരു ഹൃദയം കഠിനമായ വിശ്വാസം, ഡങ്കൻ സാധാരണപോലെ തന്റെ വേലക്ക് പോയി.

കുറച്ചു ദിവസങ്ങൾക്കു മുമ്പ് മറ്റൊരു മിഷ്യനറി റുദ്ലണ്ട്, ഒരു പുതിയ സ്ഥലത്ത് അതായത് ചൈനയിൽ ഹാംഗ് ചോ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന എന്റെ പിതാവിനെ കാണുവാൻ വന്നു. മിസ്റ്റർ റുഡ് ലണ്ട്, അദ്ദേഹം പറഞ്ഞു. ബ്രദർ ഡങ്കനെക്കുറിച്ച് എനിക്കു ചിന്തയുണ്ട്. അദ്ദേഹത്തിന്റെ കയ്യിലുള്ള പണമെല്ലാം തീർന്നു. കുറച്ചു പണം ദയവായി അദ്ദേഹത്തിനയച്ചു കൊടുക്കുമോ "? എന്ന് അദ്ദേഹം പറഞ്ഞു. ഒരു ബോട്ട് വാടകയ്ക്ക് എടുത്തു, പത്തോ പന്ത്രണ്ടോ ദിവസത്തെ യാത്രക്കു വേണ്ടി ദൈവത്തോട് പ്രാർത്ഥിച്ച് റൂഡ്ലണ്ട് അതിനുള്ള ക്രമീകരണം ചെയ്തു. അത്ഭുതകരമായ നേട്ടം കൈവരിച്ചു. രണ്ട് ദിവസങ്ങൾക്ക് ശേഷം ഒരു വളവിൽ എത്തിച്ചേർന്നു. അവർ യാത്ര ചെയ്തിരുന്ന പ്രത്യേക ചാനൽ വറ്റിപ്പോയി. അത്ഭുതകരമായി റൂഡ് ലണ്ടിന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായി യാത്രയ്ക്ക് തടസം നേരിട്ടതിൽ അത്ഭുതപ്പെട്ടു. ദൈവം തനിക്കു വേണ്ടി മറ്റൊരു വഴി തുറക്കും എന്നു വിശ്വസിച്ചു. നാക്കിംഗ് -ന് എതിരെയുള്ള ഒരു സ്ഥലത്ത് അവർ എത്തിച്ചേർന്നു. അങ്ങനെ അവരുടെ യാത്ര നാലു ദിവസമായി ചുരുക്കി. ആ ദിവസം ഉച്ചക്ക് ശേഷം പാചകക്കാരൻ പറഞ്ഞ അവസാന ഡോളർ ചെലവഴിച്ചശേഷം അവർ നാക്കിംഗ് -ൽ എത്തിച്ചേർന്നു.

അദ്ദേഹത്തിന്റെ സ്ഥലം കണ്ടുപിടിക്കാൻ വേണ്ടി പ്രയാസപ്പെട്ടില്ല, നാക്കിംഗ് -ൽ ഒരു വിദേശീയേ താമസമുണ്ടായിരുന്നുള്ളൂ. പാചകക്കാരൻ കതകു തുറന്നപ്പോൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി, അവൻ റുഡ് ലാന്റി-നെ കണ്ടു. ചൈനീസ് രീതികളൊക്കെ മറന്നു, ചോദിച്ചു, നിങ്ങൾ പണം വല്ലതും കൊണ്ടു വന്നിട്ടുണ്ടോ? "ഞങ്ങൾ എല്ലാറ്റിന്റെയും അവസാനത്തിലാണ് " സന്തോഷിക്കുക, ദൈവത്തിന്റെ തക്കസമയത്തെ ഇപെടലിനായി. ആ മനുഷ്യൻ ഒരു ഡോളർ ആവശ്യപ്പെട്ടു. ചന്തയിൽ പോകാനായി.

അത്താഴം ഒരുങ്ങിയപ്പോൾ, പാചകക്കാരൻ നോക്കി നിന്നു, ഡങ്കന്റെ മടങ്ങി വരവിനായി. ഡങ്കൻ നല്ല ഉയരമുള്ള ആൾ ആയതുകൊണ്ട് തിരിച്ചറിയാൻ എളുപ്പമാണ്. പാചകക്കാരൻ വേഗത്തിൽ ഓടി സന്തോഷം പങ്കിടുന്നതിലേക്കായി. അതിശയോക്തി ഇല്ലാതെ താൻ മറുപടി പറഞ്ഞു, " ഞാൻ നിന്നോട് പറഞ്ഞിരുന്നില്ലേ, എല്ലായ്പ്പോഴും ദൈവത്തിൽ ആശ്രയിക്ക, നന്മ ചെയ്ക, അവിടുത്തെ പ്രവൃത്തിക്കായി കാത്തിരിക്കാം. നിശ്ചയമായും ദൈവം നമ്മെ പോഷിപ്പിക്കും".

❖